# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.12 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 DECEMBER

e-paper : vedabhimani


## ലോകയാത്ര



16 വർഷത്തെ ടൂർ! ചിന്തിക്കാനാകുമോ നമുക്ക്? 1998-ൽ വെയ്ൽസിൽ നിന്നും സ്പെയിനിലേക്കൊരു ട്രിപ്പ്. യാത്ര പുറപ്പെടുമ്പോൾ ക്ലൈവിന്റേയും ജെൻ ഗ്രീനിന്റേയും മനസ്സിൽ ഇത്രയുമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അവിടെ എത്തിയപ്പോൾ തിരിച്ചുള്ള യാത്ര ഇപ്പോൾ വേണ്ടെന്ന് തീരുമാനിച്ചു. അങ്ങനെ നീണ്ട പതിനാറു വർഷം അവർ ലോകയാത്ര ചെയ്തു. 51 രാജ്യങ്ങൾ സന്ദർശിച്ചു. ഇക്കഴിഞ്ഞ ജൂണിലാണ് അവർ തിരിച്ചെത്തിയത്.

## മരണാനന്തരം രത്നം



ഭർത്താവ് ജോൺ തന്നെ വിട്ടുപോയിട്ടില്ലെന്നാണു ഗ്ലാനിസ് ബാർനെറ്റ് (63) പറയുന്നത്. അദ്ദേഹം ഒരു രത്നമായി തന്നോടൊപ്പം ഉണ്ട്. മഞ്ഞനിറമുള്ള രത്നത്തെ ആഭരണമാക്കിയാണ് അവർ കൊണ്ടുനടക്കുന്നത്. മരിച്ചവരുടെ ചിതാഭസ്മത്തെ രത്നമാക്കി മാറ്റുന്ന രീതി യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപകമാവുകയാണ്. ഏകദേശം അഞ്ചു ലക്ഷം രൂപ മുടക്കിയാൽ ചിതാഭസ്മത്തെ രത്നമാക്കി നൽകാമെന്നു കമ്പനികൾ പറയുന്നു. മൂന്നു ലക്ഷം രൂപ മുടക്കി ചിതാഭസ്മത്തെ പെയിന്റിംഗുകളുടെ ഭാഗമാക്കി മാറ്റുന്നവരുമുണ്ട്. ശ്വാസകോശ കാൻസറിനെ തുടർന്ന് 2011ലാണു ജോൺ (64) മരിച്ചത്. 42 വർഷത്തെ സാമീപ്യം അവസാനിച്ചെന്നു വിശ്വസിക്കാൻ ഗ്ലാനിസിനു കഴിഞ്ഞില്ല. സുഹൃത്തിൽനിന്നാണു ചിതാഭസ്മത്തിൽനിന്നു രത്നമുണ്ടാക്കാമെന്നു മനസിലാക്കിയത്.

മനുഷ്യശരീരത്തിൽ 18 ശതമാനമാണു കാർബണുള്ളത്. അവശേഷിക്കുന്നതിൽ കൂടുതലും ജലവും. പ്രകൃതിയിലെ കടുത്ത ചൂട്, സമ്മർദം എന്നിവ മൂലമാണു കാർബൺ രത്നത്തിന്റെ രൂപം സ്വീകരിക്കുന്നത്. കൃത്രിമമായി ഈ മാർഗം അനുകരിച്ചാണു മനുഷ്യാവശിഷ്ടങ്ങളിൽനിന്നു രത്നം ഉണ്ടാക്കുന്നത്.

ലബോറട്ടറിയിൽ ചിതാഭസ്മത്തെ 1300 ഡിഗ്രി സെൽഷ്യസിൽ ഉരുക്കിയാണു രത്നമുണ്ടാക്കാനുള്ള ശ്രമം തുടങ്ങുക. പിന്നീട് ചതുരശ്ര ഇഞ്ചിൽ 10,000 ടൺ എന്ന നിലയിൽ ഭാരം ചെലുത്തും. മാസങ്ങളോളം ഇത്രയും ഭാരം ചെലുത്തുമ്പോൾ കാർബൺ രത്നത്തിന്റെ രൂപം പ്രാപിക്കും. മനുഷ്യ ശരീരത്തിലെ മഗ്നീഷ്യ സാന്നിധ്യമാണു രത്നത്തിനു മഞ്ഞനിറം നൽകുന്നത്.

## ബാരിസിയർ



രാവിലെ കാപ്പിയുമായി വിളിച്ചുണർത്തുന്ന ഒരു അലാറമുണ്ടെങ്കിലോ? ബാരിസിയർ എന്നാണ് ഇതിന്റെ പേര്. ബ്രിട്ടീഷുകാരനായ റെനൗഫിന്റേതാണ് ഈ കണ്ടുപിടിത്തം. രാത്രി വെള്ളവും പഞ്ചസാരയും കാപ്പിപ്പൊടിയും റെഡിയാക്കി സമയവും സെറ്റ് ചെയ്ത് വച്ചാൽ കാപ്പിയുണ്ടാക്കി അലാറം ശബ്ദിക്കും.

# ബോട്ട് വീടായപ്പോൾ

## ഹാലേലൂയ്യ




ഉന്നത വിദ്യാഭ്യാസത്തിനായി ലണ്ടൻ നഗരത്തിലെത്തിച്ചേർന്ന അവൾക്ക്, വിദ്യാഭ്യാസച്ചെലവ് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഭക്ഷണത്തിന്റെയും താമസത്തിന്റെയും ചെലവുകൂടി കേട്ടതോടെ, തന്റെ മോഹങ്ങളെല്ലാം വെള്ളത്തിലായി എന്നവൾ ഉറപ്പിച്ചു. എന്നാൽ ജീവിതം തന്നെ വെള്ളത്തിലേക്ക് ഇറക്കി, അവൾ തന്റെ മോഹങ്ങൾക്ക് പുതുജീവനേകി. താമസിക്കാൻ ബോട്ട് തെരഞ്ഞെടുത്ത്, ഭാരിച്ച ഹോസ്റ്റൽ ഫീസിനെ നേരിട്ട കാരളിൻ ഇന്ന് കോളജിലെ കുട്ടികൾക്കെല്ലാം തന്നെ മാതൃകയാണ്. ലണ്ടനിലെ ടെക് സംഗീത വിദ്യാലയത്തിൽ പഠിക്കാനെത്തിയ കാരളിൻ ടിൻഡിൽ എന്ന 18 കാരിയാണ് കൗതുകകരമായ പ്രവർത്തിയിലൂടെ ജനശ്രദ്ധ പിടിച്ചുപറ്റിയത്.

ഒരു മാസം ആയിരം പൗണ്ടാണ് ടെക് മ്യൂസിക് സ്കൂളിന്റെ ഹോസ്റ്റൽ ഫീസ്. മൂന്ന് വർഷത്തെ പഠനം അവസാനിക്കുമ്പോൾ 36,000 പൗണ്ട് എന്ന തുക താമസത്തിന് മാത്രമായി ചെലവാകും. അങ്ങനെയാണ്, വർഷങ്ങൾക്ക് മുമ്പ് കാരളിന്റെ കുടുംബം വാങ്ങിയ വിനോദസഞ്ചാര വള്ളം ഉപയോഗിക്കാമെന്ന ആശയത്തിലേക്ക് എത്തിച്ചേരുന്നത്. 37,000 പൗണ്ടിനാണ് ഇവർ ബോട്ട് വാങ്ങിയിരുന്നത്.

ബോട്ടു വിറ്റ് മകളുടെ വിദ്യാഭ്യാസത്തിന് പണം കണ്ടെത്താനിരുന്ന പിതാവിന്റെ തലയിലുദിച്ച ഈ ആശയത്തിന് മകളുടെ പൂർണ പിന്തുണ കൂടി ലഭിക്കുകയായിരുന്നു. അങ്ങനെ കോളജിനടുത്തുള്ള ബോട്ട് ജെട്ടിക്കു സമീപം ബോട്ടെത്തിച്ചു താമസം ആരംഭിച്ചു.

ഒരു ഭക്ഷണമുറിയും വിശ്രമമുറിയും ഇതോടൊപ്പം രണ്ട് കിടപ്പുമുറികളുമാണ് ബോട്ടിലുള്ളത്. കട്ടിലാക്കി മാറ്റാവുന്ന തീൻമേശയാണ് ബോട്ടിന്റെ മറ്റൊരു പ്രത്യേകത. മുറികളുടെ ഉൾഭാഗങ്ങൾ ആഷ് വുഡ് ഉപയോഗിച്ചാണ് അലങ്കരിച്ചിരിക്കുന്നത്. ആഡംബരപൂർണമായ, അഭിമാനകരമായ താമസസൗകര്യമാണ് ബോട്ടിൽ തനിക്ക് ലഭിച്ചിരിക്കുന്നതെന്ന് കാരളിൻ അഭിപ്രായപ്പെട്ടു.

വീടാക്കിമാറ്റിയ ബോട്ടിന്റെ പേരും കാരളിൻ മാറ്റി. ഹാലേലുയ്യ എന്നാണ് നൗകയ്ക്ക് നൽകിയിരിക്കുന്ന പുതിയ പേര്.

## പെന്തക്കോസ്തരോട് മാർപാപ്പയുടെ മാപ്പപേക്ഷ



പെന്തക്കോസ്ത് വിശ്വാസികളെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഉപദ്രവിച്ചിട്ടുള്ള കത്തോലിക്കർക്കുവേണ്ടി മാപ്പപേക്ഷിക്കുന്നതായി സഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പ പറയുന്നതായി വത്തിക്കാൻ റേഡിയോ റിപ്പോർട്ടു ചെയ്തു. ജൂലൈ 28ന് ദക്ഷിണ ഇറ്റലിയിലെ കറോർട്ടയിൽ എത്തിയ പോപ്പ് ഇവിടത്തെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയായ ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് റെക്കൺസിലിയേഷന്റെ ആസ്ഥാനം സന്ദർശിച്ചാണ് ഇങ്ങനെ പറഞ്ഞത്. സഭാസ്ഥാപകനും സീനിയർ പാസ്റ്ററുമായ ജിയോവെനിട്രയെറ്റിയോയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു.

## നായ്ക്കൾക്ക് യന്ത്രഭക്ഷണം



ഇസ്താംബൂളിലെ തെരുവുനായ്ക്കൾ ഇനി പട്ടിണി കിടക്കേണ്ടി വരില്ല. വിശക്കുമ്പോൾ അവർക്ക് വയറുനിറയെ ഭക്ഷണം കിട്ടും. കൊടുക്കുന്നത് മനുഷ്യരൊന്നുമല്ല. ഒരു മെഷീനാണ്. പക്ഷേ, ഒരു കാര്യം മനുഷ്യർ ഉപയോഗശൂന്യമായ കുപ്പികൾ ഈ മെഷീനിൽ ഇടണമെന്നു മാത്രം. അപ്പോൾ യന്ത്രത്തിൽ നിന്നും ഭക്ഷണം താഴെയുള്ള പാത്രത്തിലേക്ക് വീഴും. തെരുവു നായ്ക്കൾക്ക് ഇത് വെട്ടിവിഴുങ്ങുകയും ചെയ്യാം!

## കുട്ടിപ്പാവാടയ്ക്ക് പള്ളിയിൽ നിരോധനം: ഇറ്റലിയിൽ വിവാദം




ഇറ്റലിയിലെ സർദീനിയയിലെ ജെസിക്കോ പള്ളിയിൽ സ്ത്രീകൾ കുട്ടിപ്പാവാട ധരിച്ചു പ്രാർത്ഥനയ്ക്കെത്തുന്നതിനു വിലക്ക്. ഇതു സംബന്ധിച്ച അറിയിപ്പ് പള്ളിക്കു പുറത്തു സ്ഥാപിച്ചതാണു വിവാദത്തിനു വഴിവച്ചത്. നേരത്തെ ദക്ഷിണ ഇറ്റലിയിലെ ഒരു കോടതിയും മിനി സ്കർട്ടുകൾ നിരോധിച്ചിരുന്നു. വിവിധ വനിതാ സംഘടനകൾ പ്രതിഷേധവുമായി രംഗത്തുണ്ട്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# മുറുകെ പിടിക്കേണ്ട യാഥാർത്ഥ്യങ്ങൾ

**ടി.എം. വർഗ്ഗീസ്, ഓതറ**

**'സകലവും ശോധന ചെയ്ത് നല്ലതു മുറുകെ പിടിക്കുക'**
(1 തെസ്സ. 5:21).

ആത്മീക ലോകത്തിൽ ഇന്നു നാം കാണുകയും കേൾക്കയും അഭിമുഖീകരിക്കുകയും ചെയ്യുന്ന എല്ലാം അതുപോലെ വിശ്വസിച്ച് ഏറ്റെടുക്കുവാൻ പാടുള്ളതല്ല. അനേകം നവീകരണ ഉപദേശങ്ങളും ദുരുപദേശങ്ങളും പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നാം കേൾക്കുന്നത് അങ്ങിനെ തന്നെയോ എന്ന് തിരുവചന അടിസ്ഥാനത്തിൽ ശോധന ചെയ്യേണ്ടിയിരിക്കുന്നു. നല്ലതെന്നു വിശ്വസിച്ച് അനുകരിച്ച അനേകർ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നാം അങ്ങിനെയുള്ള ചതിയിൽ അകപ്പെടാതിരിക്കാൻ സൂക്ഷിക്കണമെന്നും അവയെ ശോധന ചെയ്യേണമെന്നും തിരുവചനം ബുദ്ധിയുപദേശിക്കുന്നു. ആത്മീകൻ സകലത്തേയും വിവേചിക്കുന്നു അഥവാ സകലവും ശോധന ചെയ്യുന്നു (1 കൊരി. 2:15). വി. പൗലോസ് പറയുന്നു: "ഞങ്ങൾ പലതിലും പലപ്പോഴും ശോധന ചെയ്തു.... (2 കൊരി. 8:22).

ആത്മീകർ ശോധന ചെയ്യേണ്ട അതിപ്രധാനമായ ഒരു മേഖലയാണ് പ്രവാചകന്മാരും പ്രവചനങ്ങളും. യോഹന്നാൻ അപ്പൊസ്തലൻ പറയുന്നു: പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് ശോധന ചെയ്‌വിൻ (1 യോഹ. 4:1). കർത്താവു പറഞ്ഞു: "കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും" (മത്താ. 24:11,24).

മുകളിൽ പറയപ്പെട്ട കാര്യങ്ങൾ തിരുവചനവെളിച്ചത്തിൽ ശോധന ചെയ്യുമ്പോൾ തന്നെ നാം ഓരോരുത്തരും നമ്മെ തന്നെയും മറ്റു പലതിലും ശോധന ചെയ്യേണമെന്നു വചനം പറയുന്നു.

"നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ്‌വീൻ" (2 കൊരി. 13:5).

"ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ" (ഗലാ. 6:4).

"മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം..." (1 കൊരി. 11:28).

നാം ശോധന ചെയ്യേണ്ട ചില കാര്യങ്ങൾ മുകളിൽ പ്രസ്താവിച്ചുവല്ലോ. ഇനിയും നല്ലതും മുറുകെ പിടിക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ച് തിരുവചനം പറയുന്നത് ശ്രദ്ധിക്കുക.

ആകാശത്തിൻ കീഴിൽ എന്തൊന്നിനാൽ മനുഷ്യനു സന്തോഷവും സമാധാനവും കണ്ടെത്തുവാൻ കഴിയുമെന്നും നല്ലത് ഏതെന്നു കണ്ടെത്തുവാനുമായി ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സകലവും പരീക്ഷിച്ച ശേഷം (സഭാ. 2:3-10) ഈ ലോകത്തിലെ സകല സുഖസൗകര്യങ്ങളും മായ എന്നും അതിന്നായുള്ള പ്രയത്നം വൃഥാവാണെന്നും പറയുന്നു (സഭാ. 2:11,17,26). സകലവും ശോധന ചെയ്തശേഷം താൻ കണ്ടെത്തിയ 'നല്ലതായ ഏക കാര്യം: ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിക്കുക, അതാകുന്നു സകല മനുഷ്യർക്കും വേണ്ടത്. (സഭാ. 12:13).

ആകാശത്തിൻ കീഴിലുള്ള യാതൊന്നും മുറുകെ പിടിക്കുവാൻ കൊള്ളാവുന്നതായി കണ്ടില്ല എന്ന് മുകളിൽ കണ്ടുവല്ലോ? ദൈവത്തെ ഭയപ്പെട്ട് അവിടുത്തെ കല്പനകളെ പ്രമാണിക്കുന്നതോടൊപ്പം നാം മുറുകെ പിടിക്കേണ്ട അതിപ്രധാനമായ ചില കാര്യങ്ങളെക്കുറിച്ച് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:

### ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പിടിക്കുക (എബ്രാ. 3:14)

ദൈവശബ്ദം നേരിട്ടോ തിരുവചനത്തിലൂടെയോ കേട്ടിട്ട് ദൈവത്തിൽ അർപ്പിച്ച വിശ്വാസം നാം അവസാനത്തോളം മുറുകെ പിടിക്കേണം. ദൈവവിളികേട്ടു വിശ്വസിച്ച് അനുസരിച്ച് ഇറങ്ങിതിരിച്ച അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് "മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനു തന്നേ... അവൻ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു... അവൻ വിശ്വാസത്തിൽ ക്ഷീണിച്ചില്ല.. അവൻ ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു... അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു (റോമർ 4:17-21).

ഈ കൃപായുഗത്തിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി സ്വർഗ്ഗീയ മഹിമകളെ വെടിഞ്ഞ് ഈ ലോകത്തിൽ മനുഷ്യ ജന്മം എടുത്ത് നമ്മുടെ പാപപരിഹാരത്തിനായി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് ഇന്നും, എന്നും എന്നേക്കും ജീവിച്ചിരിക്കുന്നവനും മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും ന്യായം വിധിപ്പാനും തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷക്കായി വീണ്ടും വരുന്നവനുമായ ലോകരക്ഷിതാവായ യേശുക്രിസ്തുവിലായിരിക്കേണം നമ്മുടെ വിശ്വാസം. ക്രിസ്തുയേശുവിലുള്ള വിശ്വാസം മാത്രമേ നമ്മെ രക്ഷിക്കയുള്ളൂ.

ദൈവത്തിനു പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയ്യേണമെന്നു പുരുഷാരം യേശുവിനോടു ചോദിച്ചതിനു യേശു പറഞ്ഞത്: ദൈവം അയച്ച പുത്രനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നാണ് (യോഹ. 6:28-29). (തുടരും)



# ഭാരപ്പെടുത്തുന്ന ചിന്തകൾ

**കോ**ളജിൽ ക്ലാസ് നടക്കുന്ന സമയം. ഒരു പ്രൊഫസർ താൻ പഠിപ്പിക്കുന്ന ക്ലാസ് റൂമിലേക്കു കയറിച്ചെന്നതു കൈയിൽ ഒരു ഗ്ലാസ് നിറയെ വെള്ളവുമായിട്ടായിരുന്നു. വിദ്യാർത്ഥികൾ അതുകണ്ടു ചിരിച്ചു. അന്നു പ്രൊഫസർ ക്ലാസ് തുടങ്ങിയതു വെള്ളം നിറഞ്ഞിരുന്ന ഗ്ലാസ് കൈയിലെടുത്തുകൊണ്ടായിരുന്നു.

"ഈ ഗ്ലാസിലെ വെള്ളത്തിനു എന്തു തൂക്കം വരും?" ഗൗരവം വിടാതെ പ്രൊഫസർ ചോദിച്ചു. "അമ്പതു ഗ്രാം." ഒരു വിദ്യാർത്ഥി പറഞ്ഞു. "അല്ല, നൂറു ഗ്രാമിലും കൂടാൻ സാധ്യതയുണ്ട്." മറ്റൊരു വിദ്യാർഥി പറഞ്ഞു.

അപ്പോൾ പ്രൊഫസർ പറഞ്ഞു, "ഈ ഗ്ലാസിലെ വെള്ളത്തിനു എന്തു തൂക്കം വരുമെന്നു തൂക്കി നോക്കാതെ നമുക്കു കൃത്യമായി പറയാനാകില്ല. എന്നാൽ എനിക്കറിയേണ്ടതു മറ്റൊരു കാര്യമാണ്. ഞാൻ ഈ ഗ്ലാസും വെള്ളവും കുറേ സമയം ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നാൽ എന്തെങ്കിലും സംഭവിക്കുമോ?"

"പ്രത്യേകിച്ചൊന്നും സംഭവിക്കില്ല." വിദ്യാർഥികൾ പറഞ്ഞു. അപ്പോൾ പ്രൊഫസർ ചോദിച്ചു. "ഞാൻ ഈ ഗ്ലാസ് ഒരു മണിക്കൂർ നേരം ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നാൽ എന്തെങ്കിലും സംഭവിക്കുമോ?" ഉടനെ ഒരു വിദ്യാർഥി പറഞ്ഞു. "കൈയും ഒരവും വേദനിക്കാൻ തുടങ്ങും."

"നിങ്ങൾ പറഞ്ഞതു ശരിയാണ്" ഉത്തരം അംഗീകരിച്ചുകൊണ്ടു പ്രൊഫസർ പറഞ്ഞു. എന്നിട്ട് ചോദിച്ചു. "ഞാൻ ഒരു ദിവസം മുഴുവനും ഗ്ലാസും വെള്ളവും ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നാൽ എന്തു സംഭവിക്കും?"

"അങ്ങയുടെ കൈ മരവിക്കും. മസിലുകൾ വലിഞ്ഞു മുറുകും." ഒരു വിദ്യാർഥി പറഞ്ഞു. അപ്പോൾ മറ്റൊരു വിദ്യാർഥി പറഞ്ഞു. "പ്രശ്നം അതിലും ഗുരുതരമാകാനാണു സാധ്യത. കൈ തളർന്നു പോയെന്നു തന്നെ വന്നേക്കാം. പിന്നെ വൈദ്യസഹായം തേടേണ്ടിയും വരും."

"നിങ്ങൾ പറഞ്ഞതൊക്കെ ശരിതന്നെ." പ്രൊഫസർ പറഞ്ഞു. പിന്നെ അദ്ദേഹം ചോദിച്ചു. "ഒരു ദിവസം മുഴുവനും ഗ്ലാസും വെള്ളവും കൈയിൽ പിടിച്ചുകൊണ്ടു നിന്നാലും അതിന്റെ ഭാരത്തിനു വ്യത്യാസമുണ്ടാകുമോ."

"ഇല്ല." അവർ മറുപടി പറഞ്ഞു. "അപ്പോൾ കൈ മരവിക്കുന്നതിന്റെയും മസിലുകൾ വലിഞ്ഞു മുറുകുന്നതിന്റെയും കാരണമെന്താണ്." അദ്ദേഹം ചോദിച്ചു. അപ്പോൾ ആരും മറുപടി പറഞ്ഞില്ല. ചോദ്യം കേട്ട് അവർ ചിരിക്കുകയായിരുന്നു.

അല്പനേരത്തേ മൗനത്തിനുശേഷം അദ്ദേഹം ചോദിച്ചു. "അപ്പോൾ എന്റെ കൈ മരവിക്കാതിരിക്കുന്നതിനും മസിലുകൾ വലിഞ്ഞു മുറുകാതിരിക്കുന്നതിനും ഞാൻ എന്തു ചെയ്യണം." അല്പ നിമിഷം ആലോചിച്ചതിനു ശേഷം അവരിലൊരാൾ പറഞ്ഞു. "ഗ്ലാസ് താഴെവയ്ക്കുക."

"അതാണു ശരിയായ ഉത്തരം." പ്രൊഫസർ പറഞ്ഞു. അല്പനേരം അവരുടെ മുഖങ്ങളിൽ മാറി മാറി നോക്കിയിട്ട് അദ്ദേഹം പറഞ്ഞു. "നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളും ഏതാണ്ട് ഇതുപോലെയാണ്. അല്പസമയത്തേക്കു മാത്രമാണ് അവയെക്കുറിച്ചു നാം ചിന്തിക്കുന്നതെങ്കിൽ അതുവഴി നമുക്കു വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല. എന്നാൽ കൂടുതൽ സമയം അവയെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നാൽ നമ്മുടെ ഹൃദയം നീറാൻ തുടങ്ങും. ദിവസം മുഴുവനും പ്രശ്നങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുകയാണെന്നു കരുതുക. അപ്പോൾ നമുക്കു സുബോധം പോലും നഷ്ടപ്പെട്ടുവെന്നു വരാം. അതായതു നമുക്കു ഭ്രാന്തുപോലും പിടിച്ചേക്കുമെന്നു സാരം."

പ്രൊഫസറുടെ വാക്കുകേട്ടു വിദ്യാർഥികൾ ചിന്താമഗ്നരായി ഇരിക്കുമ്പോൾ അദ്ദേഹം തുടർന്നു. "നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളെ നാം ബുദ്ധിപൂർവം നേരിടണം. എന്നാൽ അവ നമ്മെ തകർക്കുവാൻ അനുവദിക്കരുത്. അതിനുവേണ്ടി ഭാരപ്പെടുത്തുന്ന ചിന്തകൾ നാം താഴെവച്ചേ മതിയാകൂ."

പ്രൊഫസർ വിദ്യാർത്ഥികളോടു പറഞ്ഞത് എത്രയോ ശരിയാണ്. നമ്മുടെ ജീവിതപ്രശ്നങ്ങളെക്കുറിച്ചു മാത്രം നാം ചിന്തിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതു നമുക്കു കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതാണു വാസ്തവം. എന്നാൽ നമുക്കു പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ ശരിയായ രീതിയിൽ വിശകലനം ചെയ്തു അവയ്ക്കുള്ള പരിഹാരം നാം തേടുകയാണെങ്കിൽ പ്രശ്നങ്ങളുടെ ഭാരം തീർച്ചയായും കുറയുകതന്നെ ചെയ്യും.

നാം നേരിടുന്ന പല പ്രശ്നങ്ങൾക്കും മാനുഷികമായ പരിഹാരം അസാധ്യമായി വന്നേക്കാം. ദൈവത്തിന്റെ ശക്തമായ ഇടപെടൽ വഴി മാത്രമേ അവയ്ക്കു പരിഹാരം കാണാൻ സാധിക്കൂ. തൻമൂലം നാം ആദ്യം ചെയ്യേണ്ടതു നാം ചുമക്കുന്ന ഭാരം ദൈവത്തിന്റെ മുൻപിൽ ഇറക്കിവയ്ക്കുക എന്നുള്ളതാണ്.

നമ്മുടെ ജീവിതഭാരങ്ങൾ ദൈവത്തിനുമുന്നിൽ ഇറക്കിവയ്ക്കുവാൻ സാധിക്കുകയാണെങ്കിൽ അതുവഴിയായി നമുക്കു വലിയ ഹൃദയസമാധാനം ലഭിക്കുമെന്നതാണ് യാഥാർഥ്യം. നമ്മുടെ ജീവിതഭാരങ്ങൾ പലപ്പോഴും നാം തന്നെ ചുമക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണ് അവയ്ക്കു വലിയ ഭാരമുള്ളതായി നമുക്കു തോന്നുന്നത്. എന്നാൽ, നമ്മുടെ ജീവിതഭാരങ്ങൾ ദൈവത്തിന്റെ മുമ്പിൽ ഇറക്കിവച്ച് അവിടത്തെ സഹായത്തോടെ നാം പരിഹാരം അന്വേഷിക്കുകയാണെങ്കിൽ അവയ്ക്കു അതിവേഗം പരിഹാരം കാണുവാൻ സാധിക്കും.

നമ്മുടെ ജീവിതപ്രശ്നങ്ങളെക്കുറിച്ചു സദാസമയം വെറുതെ ചിന്തിക്കുന്നശീലം നമുക്കു ഉപേക്ഷിക്കാം അതിനു പകരം അവ ഓരോന്നിനും ദൈവത്തിന്റെ സഹായത്തോടെ പരിഹാരം കണ്ടെത്താൻ നമുക്കു ശ്രമിക്കാം.



# ബാലവേദി

## കറുത്ത കുത്ത്



ജോർജ് മാഷിന്റെ ക്ലാസ്സ് അന്ന് നേരത്തേ കഴിഞ്ഞു. മാഷും കുട്ടികളും അൽപ സമയം പുറത്തേക്കിറങ്ങി. അപ്പോൾ മാഷ് ഒരു വെള്ളക്കടലാസ് എടുത്ത് അതിനു നടുവിൽ കറുത്ത പേനകൊണ്ട് ഒരു കുത്തിട്ടു. എന്നിട്ട് കടലാസ് ഉയർത്തിപ്പിടിച്ച് ഒരു കുട്ടിയോട് ചോദിച്ചു: "എന്താണ് ഇപ്പോൾ കാണുന്നത്?"

"കടലാസിനു നടുവിൽ ഒരു കറുത്ത കുത്ത്!" കുട്ടി മറുപടി പറഞ്ഞു. "ശരി, നീ എന്താണ് കാണുന്നത്?", മാഷ് അടുത്ത കുട്ടിയോട് ചോദിച്ചു.

"കറുത്ത കുത്തുതന്നെ!", അവനും അതേ മറുപടിയായിരുന്നു.

"മറ്റൊന്നും നിങ്ങൾ കാണുന്നില്ലേ?", അദ്ദേഹം എല്ലാവരോടുമായി ചോദിച്ചു.

"ഇല്ല സർ!," കുട്ടികൾ ഒന്നടങ്കം പറഞ്ഞു.

അപ്പോൾ മാഷ് പറഞ്ഞു: "ഈ വെള്ളക്കടലാസ് നിങ്ങൾ എല്ലാവരും കണ്ടു എന്നുറപ്പാണ്. പക്ഷേ, അതിനെ അവഗണിച്ചിട്ട് കടലാസിനു നടുവിലെ കറുത്ത കുത്തിൽ മാത്രം നിങ്ങൾ ശ്രദ്ധിച്ചു!"

ഒന്നു നിർത്തിയിട്ട് മാഷ് തുടർന്നു. "ജീവിതത്തിലും നമ്മൾ ഇതുപോലെയാണ്. നമുക്കു ചുറ്റുമുള്ള പല നല്ല കാര്യങ്ങളും നമ്മൾ കാണാറില്ല. പകരം നമ്മുടെ ശ്രദ്ധയും ചിന്തയുമെല്ലാം ഈ ചെറിയ കുത്തിന്റെ മാത്രം വലിപ്പമുള്ള നിസ്സാര പ്രശ്നങ്ങളിലേക്കായിരിക്കും. ശരിക്കും ജീവിതത്തിലെ ചില പ്രശ്നങ്ങൾ ഈ ചെറിയ കുത്തിന്റെ അത്രയുമേയുള്ളു. നമ്മൾ അതിൽതന്നെ നോക്കുന്നതുകൊണ്ടാണ് അതുമാത്രം കാണുന്നത്. നമ്മുടെ ശ്രദ്ധയും ചിന്തയുമെല്ലാം വിശാലമാക്കിനോക്കൂ. ജീവിതം സന്തോഷകരമാക്കാം!"

മാഷ് പറഞ്ഞത് കുട്ടികൾ ശ്രദ്ധയോടെ കേട്ടിരുന്നു.



## ഏറ്റവും ചെറുത്!

'I am' എന്നതാണ് ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും ചെറിയ പൂർണ്ണമായ വാചകം.




## അനുവാദമില്ലാതെ



ഇന്റർനെറ്റിൽ നിന്ന് ചിത്രങ്ങളും മറ്റും ചുമ്മാതെ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുമ്പോൾ പകർപ്പവകാശത്തെക്കുറിച്ച് (copyright) ഓർക്കാറുണ്ടോ? ചിത്രങ്ങളോ എഴുത്തുകളോ അതുണ്ടാക്കിയവരുടെ അനുവാദം (license) ഇല്ലാതെ എടുത്തുപയോഗിച്ചുകൂടാ. ഇതാണ് പകർപ്പവകാശം. ഈ അനുവാദം തരാൻ മിക്കവരും പണം ചോദിക്കുകയും ചെയ്യും. എന്നാൽ ഈ പ്രശ്നമില്ലാത്ത ഒട്ടേറെ ചിത്രങ്ങളും ലേഖനങ്ങളുമെല്ലാം ഇന്റർനെറ്റിലുണ്ട്. Copyleft, Creative Commons, GPL, Public Domain എന്നെല്ലാം നെറ്റിൽ കണ്ടാൽ ഉറപ്പിച്ചോളൂ, അതുപയോഗിക്കാനുള്ള ലൈസൻസ് നമുക്കുണ്ട്! വിക്കിപീഡിയയിലെ ഉള്ളടക്കവും ക്രിയേറ്റീവ് കോമൺസ് ലൈസൻസിലാണുള്ളത്.

## ലിറ്റിൽ ഡിസൈനർ!



അമേരിക്കക്കാരിയായ കുഞ്ഞു മേഹെം ആണ് ഇത്. ഈ നാലു വയസ്സുകാരി ആളൊരു ഫാഷൻ ഡിസൈനറാണ്. മേഹെവും അമ്മയും ഒന്നിച്ച് വസ്ത്രങ്ങൾ ഡിസൈൻ ചെയ്യും. മേഹെം അത് അണിഞ്ഞ് ഫാഷൻ ഷോകൾ നടത്തും. പേപ്പറുകൾകൊണ്ടാണ് ഈ വസ്ത്രമൊക്കെ ഉണ്ടാക്കുന്നത്!





## ബ്ലൂടൂത്ത് രാജാവ്



എന്താണ് ബ്ലൂടൂത്ത് ടെക്നോളജി എന്ന് ആദ്യം പറയാം. റേഡിയോ തരംഗങ്ങൾ ഉപയോഗിച്ച് ഇല്ക്ട്രോണിക് ഉപകരണങ്ങൾ തമ്മിൽ വിവരങ്ങൾ കൈമാറുന്ന വിദ്യയാണ് ഇത്. എന്നുവെച്ചാൽ വയറുകളോ കണക്ഷനുകളോ വേണ്ട എന്നർഥം.

ഇനി പേരിന്റെ കാര്യം. 10-ാം നൂറ്റാണ്ടിലെ ഒരു യൂറോപ്യൻ രാജാവിന്റെ ഓർമയ്ക്കായാണ് ഈ വിദ്യക്ക് 'ബ്ലൂടൂത്ത്' എന്ന് പേരിട്ടത്. ആ കഥ കേട്ടോളൂ:

ഡെന്മാർക്കും നോർവെയും ഭരിച്ചിരുന്ന രാജാവായിരുന്നു ഹെറാൾഡ് ബ്ലൂടൂത്ത്. ബ്ലൂടൂത്ത് രാജാവിന്റെ ഭരണകാലത്ത് ഈ സ്ഥലങ്ങളിലെ ഗോത്രങ്ങൾ തമ്മിൽ വലിയ വഴക്കായിരുന്നു. ഇവരെ തമ്മിൽ ഇണക്കി ഒറ്റ സാമ്രാജ്യമാക്കി മാറ്റാൻ ബ്ലൂടൂത്ത് രാജാവിന് സാധിച്ചു.

1996-ൽ ലോകത്തിലെ വിവിധ ടെലികോം കമ്പനികൾ ചേർന്ന് ഇലക്ട്രോണിക് ഉപകണങ്ങൾ തമ്മിലുള്ള ഒരു 'ഡിജിറ്റൽ ചങ്ങാത്ത വിദ്യ' വികസിപ്പിച്ചെടുത്തു. മൊബൈൽ ഫോൺ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ പലതരം ഉപകരണങ്ങൾ തമ്മിൽ വിവരങ്ങൾ കൈമാറാൻ ഈ വിദ്യ സഹായിച്ചു. 10-ാം നൂറ്റാണ്ടിൽ ബ്ലൂടൂത്ത് രാജാവ് വിവിധ ഗോത്രങ്ങളെ ഒരു കുടക്കീഴിലാക്കിയതിന്റെ ഓർമയ്ക്കായി പുതിയ വിദ്യക്ക് 'ബ്ലൂടൂത്ത് ടെക്നോളജി' എന്ന് പേരും നൽകി!

### ലോഗോയ്ക്ക് പിന്നിൽ

ബ്ലൂടൂത്ത് വിദ്യയുടെ ലോഗോ ശ്രദ്ധിച്ചിട്ടില്ലേ? ഹെറാൾഡ് ബ്ലൂടൂത്ത് എന്നതിന്റെ ചുരുക്കപ്പേരായ HB ആണ് ലോഗോ ആയി മാറിയത്. പണ്ട് യൂറോപ്പിൽ ഉണ്ടായിരുന്ന റൂനിക് ലിപിയിൽ H എന്നതിന് ᚼ എന്നും B എന്നതിന് ᛒ എന്നുമാണ് എഴുതിയിരുന്നത്. ഇത് ചേർത്തുവെച്ചതാണ് ബ്ലൂടൂത്തിന്റെ ലോഗോ.





# ഹൃദയനുറുക്കത്തോടെ മുട്ടുകുത്തുക



എഫെ. 3:14

പ്രാർത്ഥന ഒരു വിശ്വാസിയുടെ ജീവിതഭാഗമാണ്. ശ്വാസകോശത്തിനു വായു എപ്രകാരമാണോ അപ്രകാരമാണ് ആത്മാവിന് പ്രാർത്ഥന. ദൈവവുമായി നമുക്കുള്ള ബന്ധത്തെയാണത് കാണിക്കുന്നത്. നാം ശ്വസിക്കുന്നതിനു പ്രത്യേകിച്ചു പ്രയത്നം ഒന്നും ചെയ്യാറില്ല. അപ്രകാരം പ്രാർത്ഥന ലളിതമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പരമപ്രധാനമായ ഒരു ഭാഗമായിരുന്നു പ്രാർത്ഥന. യേശുക്രിസ്തുവിന്റെ പ്രാർത്ഥനാജീവിതം അവന്റെ ശിഷ്യന്മാർ ശ്രദ്ധിച്ചിരുന്നു. നിങ്ങൾക്കു പ്രാർത്ഥിക്കാൻ പഠിക്കണമെങ്കിൽ പ്രാർത്ഥന അറിയാവുന്നവർ പ്രാർത്ഥിക്കുന്നതു ശ്രദ്ധിക്കുക. അവരിൽ നിന്നു പഠിക്കുക. എഫെ.3-ൽ ഒരു പ്രാർത്ഥന നമുക്ക് കാണാം. വിശുദ്ധ പൗലൊസ് തന്റെ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക. ആ മാതൃകാ പ്രാർത്ഥനയിൽ നിന്ന് ചില പാഠങ്ങൾ നമുക്ക് പഠിക്കാം.

**മുട്ടുകുത്തുന്നു.** പ്രാർത്ഥനയിൽ ഉള്ള മനോഭാവം എന്തെന്ന് പറഞ്ഞിരിക്കുന്നു. മുട്ടുകുത്തി മാത്രമേ പ്രാർത്ഥിക്കാവൂ എന്നില്ല. നിൽക്കുമ്പോൾ പ്രാർത്ഥിക്കാം. ഇരിക്കുമ്പോൾ പ്രാർത്ഥിക്കാം. നടക്കുമ്പോഴും കിടക്കുമ്പോഴും പ്രാർത്ഥിക്കാം. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെയാണ് 'മുട്ടുകുത്തുക' എന്ന വാക്കുകൊണ്ട് പൗലൊസ് ഉദ്ദേശിക്കുന്നത്. നാം ബഹുമാനിക്കേണ്ട ആളുകളെ കാണുമ്പോൾ എഴുന്നേൽക്കുകയോ അല്ലെങ്കിൽ കൈകൾ കൂപ്പി നമസ്ക്കാരം പറയുകയോ ചെയ്യുന്നു. നമ്മുടെ ആദരവ് ബഹുമാനം പ്രകടമാക്കുന്നു. പ്രാർത്ഥന എന്നുപറഞ്ഞാൽ ദൈവസന്നിധിയിൽ നമ്മുടെ ഹൃദയത്തെ താഴ്ത്തി ഏൽപ്പിക്കുക എന്നാണ്. നാം ദൈവത്തോടുള്ള ആദരവു പ്രകടിപ്പിക്കുന്നു. ഉള്ളിലെ മനോഭാവത്തിന്റെ ബാഹ്യപ്രകടനമാണ് മുട്ടുകുത്തുന്നതിൽ കൂടെ വെളിപ്പെടുത്തുന്നത് (യെശ. 45:23). മുട്ടുകുത്തുന്നതിനു ബൈബിളിൽ ധാരാളം തെളിവുകളുണ്ട്. സങ്കീർത്തനക്കാരൻ പറയുന്നത് "വരുവിൻ നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക" (സങ്കീ. 95:6). മുട്ടുകുത്തുന്നതു സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ഭക്തിയുടെയും തെളിവാണ്. ദാനിയേൽ ഒരു ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു. ഈ ധന്യമായ ജീവിതം, വായു, ആഹാരം, സ്നേഹബന്ധങ്ങൾ മറ്റ് അനുഗ്രഹങ്ങൾ നമുക്കു തന്നതിന് നാം എത്രപ്രാവശ്യം ദൈവത്തിന് സ്തോത്രം അർപ്പിക്കാറുണ്ട്?



പലർക്കും ആരോഗ്യപരമായ കാരണങ്ങളാൽ മുട്ടുമടങ്ങുന്നില്ലെങ്കിൽ ഹൃദയത്തിന്റെ മുട്ടെങ്കിലും മടക്കണം. വലിയ മീൻകൂട്ടത്തെ പിടിച്ചെടുത്തപ്പോൾ പത്രൊസ് യേശുവിന്റെ കാൽക്കൽ വീണു. "കർത്താവേ പാപിയായ എന്നെ വിട്ടു പോകണമേ." എന്നു പ്രാർത്ഥിച്ചു. യേശു അവന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുത്തു. അവനെ ശുദ്ധീകരിച്ചു. തന്നെ അനുഗമിക്കാൻ അവനെ വിളിച്ചു. മനുഷ്യരെ പിടിക്കുവാൻ അവനെ നിയോഗിച്ചു.

സമർപ്പണത്തിനും മദ്ധ്യസ്ഥതയ്ക്കും വേണ്ടി നാം മുട്ടുകുത്തുന്ന ഒരു സമയം ഉണ്ട്. ഈ പ്രാർത്ഥനയുടെ മാതൃക യേശുക്രിസ്തു തന്നെയാണ്. യേശുക്രിസ്തു ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. യേശുക്രിസ്തു എന്തൊക്കെയാണ് പ്രാർത്ഥിച്ചതെന്നു നമുക്കറിവില്ല. എന്നാൽ അവൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവൻ ആയിരുന്നു എന്നു നമുക്കറിയാം. യേശുവിന്റെ പ്രാർത്ഥനാജീവിതം ശിഷ്യരിൽ സ്വാധീനം ചെലുത്തി. അവരും പ്രാർത്ഥിക്കുന്നവരായിരുന്നു. എന്നാൽ യേശു പ്രാർത്ഥിക്കുന്നതുപോലെ മറ്റാരും പ്രാർത്ഥിക്കുന്നതായി അവർ കണ്ടില്ല. നമ്മുടെ ജീവിതം തീരുമാനങ്ങൾ നിറഞ്ഞതാണ്. നാം എപ്പോഴും പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. അപ്പോഴൊക്കെ പരിഹാരമായി ഓരോരോ തീരുമാനങ്ങൾ എടുത്തു പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിൽക്കൂടെ ആയിരിക്കണം തീരുമാനങ്ങൾ എടുക്കേണ്ടത്. യേശുക്രിസ്തു താൻ ക്രൂശിക്കപ്പെടുന്നതിന്റെ തലേരാത്രിയിൽ ഗത്സമന തോട്ടത്തിൽ പ്രവേശിച്ചു മുട്ടുകുത്തി പ്രാർത്ഥിച്ചു. നാം മറ്റുള്ളവർക്കും നമുക്കും വേണ്ടി പ്രാർത്ഥിക്കണം. യേശുക്രിസ്തു മരണനാഴിക ഒഴിവായി കിട്ടാനല്ല പ്രാർത്ഥിച്ചത്. മരണത്തെ അവനു ഭയമില്ലായിരുന്നു. എന്നാൽ മരണത്തെ എങ്ങനെ അഭിമുഖീകരിക്കണം എന്നതിനുവേണ്ടി പ്രാർത്ഥിച്ചു. നാം സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ദൈവത്തോടു ചോദിച്ചു വാങ്ങിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തെക്കൊണ്ട് സാധിപ്പിച്ചു എടുക്കുന്നതല്ല പ്രാർത്ഥന. ദൈവഹിതത്തിനു നാം വിധേയപ്പെടുന്നതത്രെ പ്രാർത്ഥന. "എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടംപോലെയാകട്ടെ" എന്നു യേശു പ്രാർത്ഥിച്ചു വിധേയപ്പെട്ടു. പലപ്പോഴും നാം പ്രാർത്ഥനയിൽ മുട്ടുമടക്കുന്നവരായിരിക്കാം. എന്നാൽ നമ്മുടെ ആഗ്രഹവും താല്പര്യവും നമ്മുടെ ഹൃദയവും മനസ്സും ദൈവേഷ്ടത്തിനു വിധേയപ്പെടുത്തി കൊടുപ്പാൻ കഴിഞ്ഞിട്ടുണ്ടോ?

പൗലൊസ് പറയുന്നത് നമുക്ക് പ്രാർത്ഥിക്കാൻ ഒരു പിതാവുണ്ട് എന്നാണ്. പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. പ്രാർത്ഥന വെറും ജല്പനങ്ങളല്ല. പ്രാർത്ഥന നമുക്കുവേണ്ടി കരുതുകയും നമ്മെ അറിയുകയും ചെയ്യുന്ന പിതാവിനോടുള്ള സംഭാഷണമാണ്. നമ്മുടെ കുട്ടികളോടു നാം സ്നേഹം പ്രകടിപ്പിക്കുന്നതുപോലെയാണ് ദൈവം നമ്മോടു സ്നേഹം പ്രകടിപ്പിക്കുന്നത്. നാം നമ്മുടെ മക്കളുടെ ആവശ്യങ്ങൾ അവരോടുള്ള താല്പര്യംകൊണ്ട് ബുദ്ധിപൂർവ്വം നിറവേറ്റിക്കൊടുക്കുന്നതുപോലെയാണ് ദൈവം നമ്മോട് ഇടപെടുന്നത്.

നല്ല നിലയിൽ ഇടവക ശുശ്രൂകൾ ചെയ്തു വന്നിരുന്ന ഒരു പട്ടക്കാരൻ രോഗിയായി ആശുപത്രിയിൽ കിടക്കുകയായിരുന്നു. അദ്ദേഹം വളരെയധികം നിരാശപ്പെട്ടിരുന്നു. ബില്ലിഗ്രഹാം മിഷനിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ലൈറ്റൺ ഫോർഡ് എന്ന മിഷനറി അദ്ദേഹത്തെ സന്ദർശിക്കുവാൻ ചെന്നു. രോഗിയായ പട്ടക്കാരൻ അദ്ദേഹത്തോട് എനിക്കു പ്രാർത്ഥിക്കുവാൻപോലും തോന്നുന്നില്ല എന്നു നിരാശയോടെ പറഞ്ഞു. ആകെ എനിക്കു പറയുവാൻ കഴിയുന്നത്, 'ദൈവമേ ഞാൻ ആകെ തളർന്നിരിക്കുകയാണ്. എന്നെ സഹായിക്കണമേ' എന്നു മാത്രമാണെന്നു പറഞ്ഞു. അപ്പോൾ രോഗിയായ പട്ടക്കാരനെ സന്ദർശിക്കാൻ വന്ന മിഷനറി പറഞ്ഞു. 'നിന്റെ മകൻ സാം രോഗിയായി കിടക്കുകയാണെന്ന് വിചാരിക്കുക. അവൻ നിന്നോട് Dady, I hurt help me എന്നു പറഞ്ഞാൽ അവനെ സഹായിക്കാൻ അതുപോരായോ. അതോ അവൻ നിന്നോട് ഒരു പ്രസംഗം പറയണമോ എന്നു ചോദിച്ചു. ഈ മറുപടി ആ പട്ടക്കാരനെ ധൈര്യപ്പെടുത്തി. ഹൃദയനുറുക്കത്തോടെ നാം ദൈവത്തോടു പറയുന്നതാണ് പ്രാർത്ഥന.

നാം എന്താണ് പ്രാർത്ഥിക്കേണ്ടത്. ആരോഗ്യത്തിനുവേണ്ടിയാണോ പ്രാർത്ഥിക്കേണ്ടിയത്, സാമ്പത്തിക ആവശ്യങ്ങൾക്കുവേണ്ടിയാണോ പ്രാർത്ഥിക്കേണ്ടത്, ജോലി, വീട്, ആഹാരം, കൂട്ടുകാർ എന്നിവയ്ക്കുവേണ്ടിയാണോ പ്രാർത്ഥിക്കേണ്ടത്. തീർച്ചയായും ഇവയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കണം. നമുക്ക് ശാരീരികമായും സാമൂഹികവുമായ ആവശ്യങ്ങൾ ഉണ്ടെന്ന് ദൈവത്തിനറിയാം. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നുവല്ലോ നാം ഇതൊക്കെയും യാചിക്കുകയും ഇതിനൊക്കെയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യണം. ദൈവത്തിന് മനുഷ്യന്റെ ഈ വക കാര്യങ്ങളുമായി ബന്ധമില്ലെന്നു ധരിക്കരുത്. എന്നാൽ ഇതിനെക്കാൾ ദൈവം നമ്മുടെ അകത്തെ മനുഷ്യന്റെ ആവശ്യമാണ് കരുതുന്നത് എന്നുള്ളതാണ് ഒരു പരമാർത്ഥം. നാം ഭൗതികമായി നല്ല നിലയിൽ ആയിരിക്കാം. എന്നാൽ ആത്മീയമായി അനാഥരല്ലേ. നമുക്ക് വേണ്ട ഭക്ഷണസാധനങ്ങളെല്ലാം ഉണ്ടായിരിക്കാം എന്നാൽ ആത്മീയമായി പട്ടിണിയല്ലേ. നാം പുറമേ നല്ല വസ്ത്രങ്ങൾ അണിഞ്ഞവരാണ്. എന്നാൽ ആത്മീയമായി നഗ്നരല്ലേ. നാം ആത്മീയമായി ആവശ്യക്കാരാണ്. ദൈവം നമ്മുടെ കൂട്ടത്തിലുള്ള ജീവിതമത്രേ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത്. ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കാൻ നാം ആഗ്രഹിക്കണം. അതിനായി പ്രാർത്ഥിക്കണം.

നാം പ്രാർത്ഥിക്കുമ്പോൾ രഹസ്യത്തിൽ കാണുന്ന പിതാവ് നമുക്ക് പരസ്യമായി പ്രതിഫലം നൽകും. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ ശക്തികേന്ദ്രമാണ് പ്രാർത്ഥന. പ്രാർത്ഥന കൂടാതെ വിശ്വാസജീവിതം സാദ്ധ്യമല്ല. "നമ്മുടെ പ്രതിരോധം പ്രാർത്ഥനയിൽ മാത്രമാകുന്നു" എന്നു മാർട്ടിൻ ലൂഥറും "ന്യായപ്രമാണത്തിൽ കൂടെയും സുവിശേഷത്തിൽകൂടെയും നമ്മോടു സംസാരിച്ച ദൈവത്തോട് അഭിമുഖമാകുന്നതാണ് പ്രാർത്ഥന" എന്നു കാൾ ബാർത്തും പറഞ്ഞിരിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയല്ല ഗാംഭീര്യമല്ല പ്രത്യുത ദൈവം അവയെ കേൾക്കുന്നു എന്നുള്ള ഉറപ്പാണ് പ്രാർത്ഥനയ്ക്ക് സാംഗത്യമുണ്ടാക്കുന്നത്. വി.പൗലൊസിന്റെ പ്രാർത്ഥന ശ്രദ്ധിച്ചാൽ പ്രാർത്ഥനയിലുള്ള മനോഭാവം എന്തെന്നു കാണാം.

മുട്ടുകുത്തി ഹൃദയം ദൈവസന്നിധിയിൽ എളിമപ്പെടുത്തി അനുതാപത്തോടെ പ്രാർത്ഥിക്കണം. പ്രാർത്ഥിക്കുവാൻ നമുക്ക് ഒരു പിതാവുണ്ട്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്' എന്നതിൽ നിന്നും നാം ആഗ്രഹിക്കേണ്ട ദാനം ഉണ്ടെന്ന് ആ പ്രാർത്ഥന പഠിപ്പിക്കുന്നു. അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടണം. അതു മാത്രമല്ല പ്രാർത്ഥനയിൽ നാം പ്രത്യാശിക്കണം എന്നും ഓർപ്പിക്കുന്നു. ദൈവത്തിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്കു പരിമിതി വയ്ക്കരുത്. ഒരു പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കാതിരിക്കുന്നില്ല. ചിലർ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നു. സൗഖ്യം ലഭിക്കുന്നു. ചിലർ മരിക്കുന്നു. ജോലിക്കായി പ്രാർത്ഥിക്കുന്നു. ജോലി ലഭിക്കുന്നു. ചിലർക്കു ലഭിക്കുന്നില്ല. ദൈവം മറുപടിയായി ഉവ്വ് എന്നും ഇല്ല എന്നും പറയും. 'ഇല്ല' എന്നുള്ളതും മറുപടിയായി എടുത്താൽ മറുപടി കിട്ടിക്കഴിഞ്ഞു. ചിലപ്പോൾ മറുപടി താമസിച്ചേക്കാം. ദൈവത്തിന്റെ സമയത്ത് ദൈവം പ്രവർത്തിക്കും. ജയജീവിതത്തിന്റെ അവിഭാജ്യ ഘടകമായ പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# വിശ്വാസവീഥി സ്വർഗ്ഗത്തോളം



**യേ**ശുക്രിസ്തു ലോകത്തിലേക്കു വന്നു, മനുഷ്യരുടെ ഐക്യത ആഗ്രഹിച്ചു. വേലയ്ക്കു സഹായമായിരിക്കുവാൻ താൻ ചില ആളുകളെ തിരഞ്ഞെടുത്തു. അവരെ ശിഷ്യന്മാർ എന്നു വിളിച്ചു. അവർ: ശിമോൻ പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫിലിപ്പോസ്, ബർത്തിലോമായി, മത്തായി, തോമസ്, അൽഫായിയുടെ മകൻ യാക്കോബ്, എരിവുകാരനായ ശീമോൻ, തദ്ദായി, ഇസ്ക്കരിയോത്താ യൂദ. ഇവരോടു ചേർന്നു നിന്നുകൊണ്ടല്ലാതെ കർത്താവ് ലോകത്തിൽ ഒന്നും ചെയ്തില്ല. ഇവർ വിവിധ ജീവിതമണ്ഡലങ്ങളിൽ ആയിരുന്നവർ.

തൊഴിലാളികളെയും മുതലാളിമാരെയും വലിയവനേയും ചെറിയവനേയും ജോലിയുള്ളവനേയും ജോലിയില്ലാത്തവനേയും, പണ്ഡിതനേയും പാമരനെയും, കുലീനനെയും കുലഹീനനെയും വിളിച്ച് ഒന്നാക്കി.

വലപിടിച്ച, വള്ളം തുഴഞ്ഞ കരങ്ങളെല്ലാം യോജിച്ചു സ്വർഗത്തിന്റെ ഐക്യത്തിൽ അവർ ഒത്തിണങ്ങി. അവർക്കു സ്വന്തമായി എന്തെല്ലാം ഉണ്ടായിരുന്നുവോ അതെല്ലാം ഉപേക്ഷിച്ചു. രക്ഷകനായ യേശുകർത്താവ് എല്ലാവർക്കുമായി ഒരു വല കൊടുത്തു. അത് സ്നേഹത്തിന്റെ വലയായിരുന്നു. അത് ലോകമെല്ലാം നീട്ടി വീശുവാൻ വലിപ്പമുള്ളതായിരുന്നു. അത് മീൻ പിടിക്കുന്നതല്ല മനുഷ്യരെ പിടിക്കുന്നതായിരുന്നു. ഈ വലയുടെ നൂൽ വിശേഷമാണ്. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, വിശ്വാസം, പ്രത്യാശ (ഗലാ. 5:22 –24). ഈ നൂലുകൾകൊണ്ട് സ്വർഗം തുന്നിയെടുത്ത വല ലോകത്തിൽ മിന്നിത്തിളങ്ങി. ശിഷ്യന്മാർ എന്തു ചെയ്തു? ഒന്നുമില്ലാത്ത, പള്ളിക്കൂടത്തിൽ പോകാത്ത, സൗന്ദര്യമില്ലാത്ത, കുടുംബശ്രേഷ്ഠതയില്ലാത്ത, ന്യൂനപക്ഷമായ യേശുവിനെ അവർ സ്വീകരിച്ചു ഒന്നായി. കർത്താവു അവർക്കു കൊടുത്ത സ്നേഹത്തിന്റെ വല ലോകമെല്ലാം നീട്ടി വീശി. പാപക്കടലിൽ കിടന്ന ആയിരമായിരം ആത്മാക്കൾ പിടിക്കപ്പെട്ടു. ഈ കേരളത്തിലും ആ വലയിൽ അനേകർ രക്ഷിക്കപ്പെട്ടു. അവർ സാക്ഷികളായി, സഭ വളർന്നു, വളർന്നപ്പോൾ യേശുവിനെ വേണ്ടാതായി.

ബോൺ ഹോഫർ എന്ന വേദപണ്ഡിതൻ ജയിലിൽ കിടക്കുമ്പോൾ എഴുതിയ ഒരു പുസ്തകത്തിൽ ഇങ്ങനെ എഴുതി “The world has comes of age.” ലോകം പ്രായപൂർത്തിയായി. അതുകൊണ്ട് ലോകത്തിന് ദൈവത്തെ ആവശ്യമില്ല. ഒരു പെൺകുട്ടി വളരെ ചെറുതായിരിക്കുമ്പോൾ അമ്മയെ ചുറ്റിപ്പറ്റി കഴിയും. അമ്മ എവിടെയപ്പോയാലും അവിടെയുണ്ടാവും. എന്നാൽ അവൾ പ്രായപൂർത്തിയായാൽ അമ്മയെക്കൂടാതെ സഞ്ചരിക്കുവാനാണ് അവൾക്കിഷ്ടം. ഞാൻ ഇങ്ങനെ പറയട്ടെ, കേരളത്തിലെ സഭ പ്രായപൂർത്തിയായി. അതുകൊണ്ട് സഭയുടെ നാഥനായ കർത്താവു പറയുന്നതുപോലെ ചെയ്യാൻ മനസില്ല. സഭ പറയുന്നതുപോലെ കർത്താവു കേൾക്കണം. എബ്രായ എഴുത്തുകാരൻ പറയുന്നത് ശ്രദ്ധിക്കൂ ‘സഹോദരന്മാരെ, ജീവനുള്ള ദൈവത്തെ തൃജിച്ചുകളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങൾക്കാർക്കും ഉണ്ടാകാതിരിക്കുവാൻ നോക്കുവിൻ. നിങ്ങളിൽ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് ‘ഇന്നു’ എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ’ (എബ്രാ. 3:12,13).

യേശുകർത്താവും ശിഷ്യന്മാരുംകൂടെ ഒരു ദിവസം ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സഖായിയുടെ വീട്ടിൽ ചെന്നു. യേശു അവനോടുകൂടെ കൂട്ടായ്മ ആചരിച്ചപ്പോൾ അവനു വലിയ മാനസാന്തരമുണ്ടായി. അവൻ പറഞ്ഞു: വസ്തുവകയിൽ പകുതി ദരിദ്രർക്കു കൊടുക്കാം. അവൻ വീണ്ടും പറഞ്ഞു. ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ ഇരട്ടി കൊടുക്കാം. എന്നുപറഞ്ഞാൽ ഇപ്പോൾ സഖായി ധനവാനല്ല, പിന്നെയോ സ്വർഗത്തിന്റെ ഐക്യത്തിനായി ഉണ്ടായിരുന്നതെല്ലാം കർത്താവിന്റെ കാൽക്കൽ വച്ച ഒരു ദരിദ്രൻ. സ്വർഗത്തിന്റെയും ഭൂമിയുടെയും ഐക്യത്തിനായി എല്ലാം പിതാവിന്റെ കരത്തിൽ സമർപ്പിച്ച് ഇറങ്ങിവന്ന യേശുവും ദരിദ്രൻ തന്നെ (2 കൊരി. 8:9).

സഖായിയും യേശുവും ഒന്നായതുപോലെ നമുക്കും യേശുവുമായി ഒന്നായിത്തീരാൻ സാധിക്കുന്നുണ്ടോ. ഒരിക്കലുമില്ല. ആദിമസഭയിലെ വിശ്വാസികളെ ശ്രദ്ധിക്കുക.

1) അവരുടെ ഹൃദയം ദൈവത്തിന്റെ പിന്നാലെയായിരുന്നു.
2) അവരുടെ ആഗ്രഹം കർത്താവിന്റെ മേലായിരുന്നു.
3) അവരുടെ പ്രാർത്ഥന ദൈവത്തോടു മാത്രമായിരുന്നു.
4) അവർ അവനുമായി കൂട്ടായ്മ ആചരിച്ചു.
5) ലോകത്തിൽ അവർക്കായി ഒന്നും കണ്ടില്ല.
6) അവർ ചെയ്തതെല്ലാം ദൈവത്തിനുവേണ്ടിയായിരുന്നു.
7) സകല പ്രതികൂലങ്ങളെയും അവർ അതിജീവിച്ചു.
8) അവരുടെ വിശ്വാസവീഥി വികസിക്കയും സ്വർഗത്തോളം അത് എത്തുകയും ചെയ്തു. എന്നാൽ ഇന്നോ?



# ഭയമില്ലാത്ത വ്യക്തിത്വം

**1185** മുതൽ 1868 വരെ ജപ്പാനിൽ ഫ്യൂഡൽ പ്രഭുക്കന്മാരുടെ ആധിപത്യത്തിന്റെ കാലഘട്ടമായിരുന്നു. രാജ്യത്തു ചക്രവർത്തി ഭരണം ഉണ്ടായിരുന്നുവെങ്കിലും അധികാരം മുഴുവനും ഷോഗൺ എന്ന പദവി അലങ്കരിച്ചിരുന്ന യുദ്ധവീരന്മാരായ സേനാനായകന്മാരുടെ കൈകളിലായിരുന്നു. ചക്രവർത്തിക്കുവേണ്ടി യുദ്ധം ചെയ്തു വിജയിക്കുന്ന സേനാനായകന്മാർക്കു നൽകുന്ന പദവിയായിരുന്നു ഷോഗൺ. എന്നാൽ ഒരിക്കൽ ആ പദവി ലഭിച്ചുകഴിഞ്ഞാൽ രാജ്യത്തിന്റെ അധികാരത്തിൽ പങ്കുപറ്റുവാൻ ഇവർക്കു സാധിച്ചിരുന്നു.

രാജ്യത്തിന്റെ ഓരോ ഭാഗവും പലപ്പോഴും ഓരോ ഷോഗണിന്റെ നിയന്ത്രണത്തിലായിരുന്നു. തന്മൂലം വിവിധ സേനാനായകന്മാർ തമ്മിൽ യുദ്ധവും പതിവായിരുന്നു. അങ്ങനെയുള്ള ഒരു യുദ്ധം നടക്കുന്ന അവസരത്തിൽ ഒരു പടത്തലവൻ ഒരു ഗ്രാമം ആക്രമിച്ചു കൊള്ളയടിച്ചു. അവിടെ ഉണ്ടായിരുന്നവരെല്ലാം പ്രാണനുംകൊണ്ട് അയൽ ഗ്രാമങ്ങളിലേക്ക് ഓടി രക്ഷപ്പെട്ടു.

എന്നാൽ ഒരു സെൻ സന്യാസി മാത്രം ഓടിപ്പോയില്ല. അദ്ദേഹം തന്റെ ആശ്രമത്തിൽ ധ്യാനനിമഗ്നനായി കഴിഞ്ഞു. വിവരമറിഞ്ഞ പടത്തലവൻ വേഗം അവിടെയെത്തി. മറ്റെല്ലാവരും ഓടി രക്ഷപ്പെട്ടിട്ടും സന്യാസി മാത്രം ഓടിപ്പോകാത്തതിൽ പടത്തലവന് അത്ഭുതം തോന്നി. നിരവധി പോരാളികളുടെ അകമ്പടിയോടെയായിരുന്നു പടത്തലവൻ ആശ്രമത്തിൽ എത്തിയത്. എന്നാൽ പടത്തലവൻ അവിടെ എത്തിയ വിവരം അറിഞ്ഞിട്ടും സന്യാസി തന്റെ ഇരിപ്പിടത്തിൽ നിന്നും അനങ്ങിയില്ല. ഇത് അയാളെ വല്ലാതെ ക്ഷുഭിതനാക്കി. പൊട്ടിത്തെറിച്ചുകൊണ്ടു പടത്തലവൻ സന്യാസിയോടു ചോദിച്ചു: ‘എന്തൊരു വിഡ്ഢിയാണ് നിങ്ങൾ! കണ്ണുചിമ്മാതെ ഒറ്റനിമിഷം കൊണ്ടു നിങ്ങളെ കാലപുരിക്ക് അയയ്ക്കുവാൻ പറ്റുന്ന ഒരാളുടെ മുമ്പിലാണു നിങ്ങൾ ഇരിക്കുന്നതെന്ന് അറിഞ്ഞുകൂടേ?’

അപ്പോൾ സന്യാസി അക്ഷോഭ്യനായി പറഞ്ഞു: ‘കണ്ണു ചിമ്മാതെ തന്നെ നിങ്ങളാൽ വധിക്കപ്പെടുവാൻ സാധിക്കുന്ന ഒരാളുടെ മുമ്പിലാണു നിങ്ങൾ നിൽക്കുന്നത് എന്ന് ഓർമിക്കുന്നതു നന്നായിരിക്കും!’

സന്യാസിയുടെ ഈ മറുപടി കേട്ടപ്പോൾ ആ പടത്തലവൻ തീർച്ചയായും പകച്ചുപോയിട്ടുണ്ടാവണം. കാരണം, അത്രമാത്രം നിർഭയനായിട്ടാണു സന്യാസി സംസാരിച്ചത്. പടത്തലവന്റെ വാളിനെക്കാൾ ശക്തി സന്യാസിയുടെ ആ മറുപടിയിലുണ്ടായിരുന്നു.

എന്താണ് ഒരാളെ ശക്തനാക്കുന്നത്. കൈയിലിരിക്കുന്ന വാളോ? തന്റെ കൈയിലുള്ള അധികാരവും സമ്പത്തുമൊക്കെ തന്റെ ശക്തിയാണെന്നു പലരും വിചാരിക്കും. ഒരു പരിധിവരെ അതിൽ യാഥാർഥ്യമുണ്ട്. എന്നാൽ നമ്മുടെ യഥാർഥ ശക്തി നമ്മുടെ വ്യക്തിത്വമല്ലേ? നാം എന്തായിരിക്കുന്നുവോ അതല്ലേ നമ്മെ ശക്തരാക്കുന്നത്?

മുകളിൽ കൊടുത്തിരിക്കുന്ന കഥയിലെ സന്യാസി നിർഭയനായിരുന്നു. അദ്ദേഹത്തിന്റെ ശക്തിയുടെ ഉറവിടം വാളോ അധികാരമോ ഒന്നുമായിരുന്നില്ല. പ്രത്യുത, അദ്ദേഹം തന്നിൽ രൂപപ്പെടുത്തിയെടുത്ത വ്യക്തിത്വമായിരുന്നു. തന്മൂലം, ആരുടെയും മുന്നിൽ അദ്ദേഹം പകച്ചുപോയില്ല. എന്നു മാത്രമല്ല, തന്നെ ആക്രമിക്കാൻ വന്ന പടത്തലവനെ നിഷ്ക്രിയനാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈ സന്യാസിയുടേതുപോലെ ഭയമില്ലാത്ത ഒരു വ്യക്തിത്വം രൂപപ്പെടുത്തുവാൻ നമുക്കു സാധിക്കുമോ? മാനുഷികമായ രീതിയിൽ ഇത് അത്ര എളുപ്പമല്ല. എന്നാൽ, ദൈവാനുഗ്രഹത്താൽ ഇതു നമുക്കു സാധ്യമാണെന്നതിൽ സംശയം വേണ്ട.

ശൗൽ രാജാവ് ഇസ്രയേലിന്റെ രാജാവായി ഭരണം നടത്തുന്ന കാലം. അപ്പോഴാണ് ഇസ്രായേലിനെ നശിപ്പിക്കുവാൻ ഗോലിയാത്ത് എന്ന ഭീമന്റെ നേതൃത്വത്തിൽ ഫെലിസ്ത്യർ പാളയമടിച്ചത്. ഗോലിയാത്തിനെയും കൂട്ടരെയും നേരിടുവാൻ ഇസ്രയേലിലെ യോദ്ധാക്കൾക്കെല്ലാം ഭയമായിരുന്നു. അപ്പോഴാണ് ഗോലിയാത്തിനെ നേരിടുവാൻ ദാവീദ് എന്ന ചെറുപ്പക്കാരൻ നിർഭയനായി എത്തിയത്.

ഗോലിയാത്തുമായി ഏറ്റുമുട്ടുവാൻ രാജാവ് ദാവീദിനെ അനുവദിച്ചു. ഉടനെതന്നെ ആ ചെറുപ്പക്കാരൻ ഗോലിയാത്തിനെ വധിക്കുകയും ചെയ്തു. ദാവീദിന്റെ ഈ വിജയത്തിന്റെ രഹസ്യം ഭയരാഹിത്യവും ദൈവത്തിലുള്ള അദ്ദേഹത്തിന്റെ ആശ്രയവും ആയിരുന്നു. അദ്ദേഹം എഴുതുന്നു: ‘കർത്താവ് എന്റെ രക്ഷയും പ്രകാശവുമാണ് ഞാൻ ആരെ ഭയപ്പെടണം. കർത്താവ് എന്റെ ജീവിതത്തിന്റെ കോട്ടയാണ്. ഞാൻ ആരെ പേടിക്കണം (സങ്കീ. 27:1–2).

നമുക്കും വേണ്ടതു ദാവീദിന്റേതു പോലെയുള്ള ദൈവാശ്രയമാണ്. ദാവീദ് ദൈവത്തിൽ ആശ്രയിച്ചതുപോലെ പൂർണമായി ദൈവത്തിലാശ്രയിക്കുവാൻ നമുക്കും സാധിച്ചാൽ നാം ഒരിക്കലും ഭീരുക്കളാകുകയോ പ്രശ്നങ്ങളുടെ മുൻപിൽ നിന്നു ഓടിയൊളിക്കുകയോ ചെയ്യില്ല. നേരെ മറിച്ച്, ഏതു പ്രതിസന്ധിഘട്ടത്തിലും നാം നിർഭയരും അചഞ്ചലരുമായിരിക്കും.

നമ്മുടെ ജീവിതം ഭയപ്പാടിന്റെ നിഴലിലാണെങ്കിൽ അതിൽ നിന്നു മോചനം നേടുവാനുള്ള എളുപ്പവഴി ദൈവത്തിൽ ആശ്രയിക്കുക എന്നതാണെന്നു നമുക്കു മറക്കാതിരിക്കാം. അതുപോലെ തന്നെ എപ്പോഴും ദൈവശക്തിയിലാശ്രയിക്കുവാൻ നമുക്കു ശ്രദ്ധിക്കുകയും ചെയ്യാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വേദപുസ്തകവും ആധുനികശാസ്ത്രവും



### വേദശാസ്ത്ര പഠനപരമ്പര

**ഒരു ദൈവമുണ്ടോ? മാർപാപ്പായുടെ പരിണാമവാദം സ്വീകാര്യമോ? പ്രപഞ്ചം എങ്ങനെയുണ്ടായി? തുടങ്ങിയ യുക്തിവാദികളുടെ ചോദ്യങ്ങൾക്ക് യുക്തിക്കും ബുദ്ധിക്കും നിരക്കുന്ന മറുപടിയിലൂടെ സ്വീകാര്യമായ സത്യം എന്തെന്ന് വേദാഭിമാനി വ്യക്തമാക്കുന്നു.**

വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ ഗ്രന്ഥവും അഖിലാണ്ഡം ദൈവത്തിന്റെ സൃഷ്ടിയുമാണ്. അവ മുഖേന മനുഷ്യനോടു സംസാരിക്കുന്ന ദൈവം ഒന്നു തന്നെ (റോമ. 1:20; സങ്കീ. 19:1,2; യെശ. 34:16; 2 തിമൊ. 3:16; 2 പത്രൊ. 1:20). അവയുടെ ധ്വനികൾ പരസ്പര വിരുദ്ധമാകാൻ സാദ്ധ്യതയില്ല.

വേദപുസ്തകം ഇന്നു കാണുന്ന ക്രമത്തിൽ ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പു വന്നു കഴിഞ്ഞു. ആകാശവും ഭൂമിയും മാറിപ്പോയാലും അതിന്റെ ഒരു വള്ളിയോ പുള്ളിയോ മാറുകയില്ല (മർക്കൊ. 13:31) എന്നു നമ്മുടെ കർത്താവായ യേശു അരുളിച്ചെയ്തിട്ടുണ്ടല്ലോ. നൂറ്റാണ്ടുകളിലൂടെ അഗ്നിശോധനയെ അതിജീവിച്ച് ശുദ്ധ പൊന്നായി അതു ഇപ്പോഴും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ബൈബിളിനു വിരുദ്ധമായി ഉന്നയിക്കപ്പെട്ട വിമർശനങ്ങളും നിരൂപണങ്ങളും അബദ്ധമാണെന്നു ഒന്നൊന്നായി തെളിഞ്ഞുവരികയാണ്. ഈ വിശുദ്ധ പുസ്തകത്തിൽ അടങ്ങിയ അറുപത്താറു പുസ്തകങ്ങളുടെ സമകാലീനങ്ങളായ ഇതര മതഗ്രന്ഥങ്ങൾ എല്ലാം തന്നെ അജ്ഞതയുടേയും അന്ധവിശ്വാസങ്ങളുടേയും പ്രതീകങ്ങളായി പുരാവസ്തുക്കൾ എന്ന നിലയിൽ ഗ്രന്ഥശാലകളിലെ ഇരുട്ടറകളിൽ സൂക്ഷിച്ചു വച്ചിരിക്കുമ്പോൾ വേദപുസ്തകം ഇന്നും നിലനിൽക്കുകയും അനേകായിരങ്ങളെ ജീവിപ്പിക്കുകയും ചെയ്തുകൊണ്ട് ഇരുട്ടിലും നിരാശയിലും ഇരിക്കുന്ന മനുഷ്യരെ പ്രത്യാശയിലേക്കും ദൈവസാന്നിദ്ധ്യത്തിലേക്കും നയിക്കുവാൻ വെളിച്ചം വീശുന്ന ഏക ദീപമായി ആത്മീയ നഭസ്സിൽ പ്രശോഭിക്കുന്നു. ദിനംപ്രതി ബഹുസഹസ്രം പ്രതികൾ അച്ചടിച്ചു പുറത്തിറക്കുന്ന ഈ അത്ഭുത ഗ്രന്ഥത്തോടു കിടനിൽക്കാവുന്ന മറ്റൊരു പുസ്തകവും ലോകത്തിലില്ല.



എന്നാൽ മുന്നൂറു വർഷത്തിലധികം പഴക്കമില്ലാത്ത ആധുനികശാസ്ത്രം ഇപ്പോഴും വളർച്ചയുടെ പന്ഥാവിലാണ്. പുതിയ പുതിയ കണ്ടുപിടിത്തങ്ങളുടെ വെളിച്ചത്തിൽ ശാസ്ത്രത്തിന്റെ വിശ്വാസപ്രമാണത്തിനു മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ശാസ്ത്രസിദ്ധാന്തങ്ങൾക്ക് അപ്രമാദിത്വം (തെറ്റിക്കൂടായ്ക) അവകാശപ്പെടുവാൻ കഴിയുകയില്ല.

പരീക്ഷണങ്ങളുടേയും നിരീക്ഷണങ്ങളുടേയും ഫലമായി വെളിപ്പെടുന്ന ശാസ്ത്രസത്യങ്ങളാണ് (Facts of Science) ഒരു വശം. ഈ വസ്തുത വിശകലനം ചെയ്ത് പൊരുത്തപ്പെടുത്തുവാൻ ശാസ്ത്രജ്ഞന്മാർ സൃഷ്ടിക്കുന്ന സിദ്ധാന്തങ്ങൾ അഥവാ ശാസ്ത്രത്തിന്റെ വിശ്വാസപ്രമാണമാണ് മറുവശം. ഉദാഹരണമായി കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതും, വസ്തുക്കൾ അന്തരീക്ഷത്തിൽ നിൽക്കാതെ ഭൂമിയുടെ ഉപരിതലത്തിൽ പതിക്കുന്നതും ശാസ്ത്രസത്യങ്ങളാണ്. എന്നാൽ കാന്തബല രേഖകൾ (Magnetic lines of Force) തികച്ചും സാങ്കല്പികമാണ്. ന്യൂട്ടന്റെ ഭൂഗുരുത്വ വാദം (Law of Universal Gravitation) ശാസ്ത്രസിദ്ധാന്തമാണ്. ജന്തുക്കളുടെ ശരീരഘടനയിൽ ചില സാമ്യങ്ങളുണ്ടെന്ന വസ്തുത ശാസ്ത്ര സത്യമാണ്. ഇതിനെ വിശദീകരിക്കുവാൻ ഡാർവിനെപ്പോലുള്ളവർ വിഭാവന ചെയ്യുന്ന പരിണാമവാദം ഒരുവക സിദ്ധാന്തം മാത്രമാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ ശാസ്ത്ര സിദ്ധാന്തങ്ങൾ പലതും അബദ്ധജടിലമാണെന്ന് 21-ാം നൂറ്റാണ്ടിൽ ശാസ്ത്രജ്ഞന്മാർ തെളിയിച്ചുകഴിഞ്ഞു. സൗരയൂഥത്തിന്റെ (സൂര്യനും ഗ്രഹങ്ങളും) ഉല്പത്തിയെക്കുറിച്ച് ലാപ്ലാസ് (Laplace) എന്ന ശാസ്ത്രജ്ഞൻ ഉന്നയിച്ച നെബുലാർഹൈപോതസിസ് (ദ്രുതഗതിയിൽ കറങ്ങുന്ന ഒരു വാതക പിണ്ഡത്തിൽ നിന്നു സൂര്യനും നവഗ്രഹങ്ങളും ഉളവായി എന്ന സിദ്ധാന്തം) പത്തൊൻപതാം നൂറ്റാണ്ടിൽ അനിഷേധ്യ സത്യമായി ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ ആ സിദ്ധാന്തം തകർന്നുപോയി. ഏ.ഡി. 1900-ൽ ചേമ്പർ ലൈനും മൗൾട്ടനും അവതരിപ്പിച്ച പ്ലാനറ്റനിമൽ സിദ്ധാന്തം (സൂര്യനിൽ നിന്നു പൊട്ടിത്തെറിച്ച ദ്രവപടലങ്ങൾ തണുത്തു ഭൂമിയും മറ്റു ഗ്രഹങ്ങളും ഉണ്ടായി എന്ന വാദം) അബദ്ധമാണെന്നു സമർത്ഥിച്ചുകൊണ്ടു ജെയിംസ് ജീൻസ് റ്റൈഡൽ തിയറി (Tidal Theory) സിദ്ധാന്തിച്ചു. ഇന്ന് അതും തൃപ്തികരമല്ല. ചുരുക്കത്തിൽ സൗരയൂഥത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ നിഗമനങ്ങളൊന്നും ശാസ്ത്രജ്ഞന്മാർക്കു പോലും തൃപ്തികരവുമല്ല തിട്ടവുമല്ല. ഒരു ശാസ്ത്ര ഗവേഷകന് തന്റെ പാതയ്ക്കിരുവശത്തും പല പ്രായങ്ങളിൽ മൃതിയടഞ്ഞ ശാസ്ത്ര സിദ്ധാന്തങ്ങളുടെ ശവകുടീരങ്ങളാണ് കാണുവാൻ കഴിയുന്നത്.

പരിണാമവാദം പത്തൊൻപതാം നൂറ്റാണ്ടിൽ ശാസ്ത്രജ്ഞന്മാർ വളരെയധികം വിശ്വസിച്ചിരുന്ന ഒരു ശാസ്ത്രീയ വിശ്വാസ പ്രമാണമാണ്. എങ്കിലും അതിനെ സമർത്ഥിക്കുന്നതിന് അനിഷേധ്യമായ തെളിവ് യാതൊന്നും നൽകുവാൻ അവർക്കു സാധിച്ചിട്ടില്ല. ഒരു ജീവി പരിണമിച്ച് മറ്റൊരു ജാതി ജീവി ഉളവായതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല. അതുകൊണ്ട് മിക്ക ശാസ്ത്രജ്ഞന്മാരും പരിണാമവാദത്തെ അംഗീകരിക്കുന്നില്ല. ഇന്നു അംഗീകരിക്കുന്ന പല സിദ്ധാന്തങ്ങളും ആധുനിക നിഗമനങ്ങളുടെ വെളിച്ചത്തിൽ തകർച്ചയുടെ വക്കിലാണ്.

ശാസ്ത്രസത്യങ്ങളും തിരുവെഴുത്തുകളും ഒരു കാലത്തും പരസ്പര വിരുദ്ധമായിരുന്നിട്ടില്ല. വേദപുസ്തകത്തിന്റെ നേർക്കു തത്വചിന്തകന്മാർ വിമർശനങ്ങൾ ഉന്നയിച്ചിട്ടുള്ളത് ശാസ്ത്രസത്യങ്ങളുടെ വെളിച്ചത്തിലല്ല; പ്രത്യുത ശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിലാണ്. ഈ സിദ്ധാന്തങ്ങൾ അബദ്ധമാണെന്നു പിൽക്കാലത്തു തെളിഞ്ഞിട്ടുമുണ്ട്.

**“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു”** (ഉല്പ. 1:1).

നമ്മുടെ മുമ്പിൽ കാണുന്ന വസ്തുമയമായ പ്രപഞ്ചവും അതിൽ നാം അധിവസിക്കുന്ന ഭൂമിയും എങ്ങനെ ഉളവായി എന്നു കണ്ടുപിടിക്കുവാൻ ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ സിദ്ധാന്തങ്ങൾക്ക് ഒരു പരിമിതിയുണ്ട്. നിരീക്ഷണ പരീക്ഷണങ്ങൾക്കു വിധേയമായ അറിവാണല്ലോ ശാസ്ത്രം. ഒരു വസ്തുത ശാസ്ത്രീയ സത്യമായി അംഗീകരിക്കപ്പെടുന്നതിനു മുമ്പ് അതിനെ അഭ്യസ്തരായ നിരീക്ഷകന്മാർ നോക്കി പഠിക്കേണ്ടതു ആവശ്യമാണ്. അഭ്യസ്തരല്ലാത്ത നിരീക്ഷകന്മാർ പലപ്പോഴും തെറ്റായ നിഗമനങ്ങളിൽ ചെന്നു ചേരാറുണ്ട്. കുതിരയെ ഉണ്ടാക്കുന്നതു കൊല്ലാനാണെന്നു ഒരു ബാലൻ ഒരിക്കൽ വീറോടെ വാദിച്ചുവത്രെ. “കൊല്ലൻ കുതിരയുടെ മറ്റു ഭാഗങ്ങളെല്ലാം പണിതീർത്തിരുന്നു. ഞാൻ കണ്ടപ്പോൾ അയാൾ ആണിവച്ചു കാലുകൾ അടിച്ചു കൂട്ടുകയായിരുന്നു” എന്നു ആ ബാലൻ പറഞ്ഞു. കുതിരയ്ക്കു ലാടം തറയ്ക്കുന്നതു കണ്ടപ്പോൾ കുതിരയെ ഉണ്ടാക്കുകയാണെന്നു അവൻ ധരിച്ചുപോയി. ഈ ഉദാഹരണത്തിൽ നിന്നും നിരീക്ഷകൻ അഭ്യസ്തനായിരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാണല്ലോ. പ്രപഞ്ചവും ഭൂമിയും ഉത്ഭവിച്ച സമയത്ത് അതു നോക്കി പഠിച്ച വിരുതനായ നിരീക്ഷകൻ ആരാണ്?

“ഞാൻ ഭൂമിക്കു അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്കുക. അതിന്റെ അളവു നിയമിച്ചവൻ ആർ? നീ അറിയുന്നുവോ? അല്ല അതിനു അളവുനൂൽ പിടിച്ചവൻ ആർ” (ഇയ്യോ. 38:4,5) എന്ന സ്രഷ്ടാവിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കഴിവുള്ള ശാസ്ത്രജ്ഞന്മാർ ആരും തന്നെ ഒരു കാലത്തും ഉണ്ടായിരുന്നില്ല.

നിരീക്ഷണം സാധിക്കാത്ത രംഗങ്ങളിൽ ശാസ്ത്രത്തിനു ആധികാരികമായി സംസാരിക്കുവാൻ കഴിയുകയില്ലല്ലോ. അതുകൊണ്ട് പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള ശാസ്ത്ര സിദ്ധാന്തങ്ങളെല്ലാം ശാസ്ത്രം എന്ന പേരിനു അർഹതയില്ലാത്ത ബലഹീനങ്ങളായ ഊഹാപോഹങ്ങൾ മാത്രമാണ്. (തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

*ഒരു പാസ്റ്ററുടെ മകനും ന്യൂജനറേഷൻ സഭയിലെ അംഗവുമാണെങ്കിലും യേശുവിലൂടെയുള്ള രക്ഷയേയും, രക്ഷയുടെ മാഹാത്മ്യത്തെയും കുറിച്ചുള്ള ചില പരാമർശങ്ങൾ മാത്രമാണ് ഞാൻ കേട്ടിട്ടുള്ളത്. അതായത് രക്ഷയെക്കുറിച്ചുള്ള പൂർണ്ണമായ വിശദീകരണം ഇതുവരെയും കേട്ടിട്ടില്ല. "യേശുവേ" എന്ന് ഒന്നു വിളിച്ചാൽ രക്ഷിക്കപ്പെടുമെന്നും, വിശ്വസിച്ച്, യേശുവിനെ രക്ഷകനായി ഏറ്റുപറഞ്ഞാൽ മതി, മാനസാന്തരം വേണ്ട തുടങ്ങി അനേകം പഠിപ്പിക്കലുകൾ ഇത് സംബന്ധിച്ച് നിലവിലുണ്ട്.... യേശുവിനെ രക്ഷകനായി ഏറ്റുപറഞ്ഞാൽ രക്ഷിക്കപ്പെടുമോ, രക്ഷയ്ക്ക് മാനസാന്തരം അനിവാര്യമാണോ? എന്താണ് വീണ്ടും ജനനം? അത് എങ്ങനെ സംഭവിക്കും?*

*-വിൽസൻ ജോർജ്, വാര്യാപുരം, ഇലന്തൂർ, പത്തനംതിട്ട*

"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (1 തിമോ. 1:15).

രക്ഷ എന്നു കേൾക്കുമ്പോൾ തന്നെ മതത്തെക്കുറിച്ചുള്ള ചിന്തയാണ് സാധാരണയായി സ്മൃതിപഥത്തിൽ എത്താറുള്ളത്. എന്നാൽ രക്ഷ എന്നു പറയുന്നത് ഏതെങ്കിലും ഒരു മത വിവക്ഷയിൽ ദർശിക്കേണ്ട ഒന്നല്ല (1 തിമോ. 2:4; ലൂക്കോ.2:10,11; മത്താ. 1:21). കാരണം, യാതൊരു മതത്തിനും ആരെയും രക്ഷിപ്പാൻ കഴിയുകയില്ല. രക്ഷ, മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തിയാണ്, എന്നാൽ മതം മനുഷ്യന്റെ ദൈവികചിന്തയും, അതിനാലുളവാകുന്ന ആരാധനയും, അതിന്റെ ഫലമായ പ്രവൃത്തിയുമാണ്. ഒന്ന് ദൈവോപാസനയും മറ്റേത് മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ കൃപാ പ്രവൃത്തിയും (ഉല്പ. 3:15; യോഹ. 3:16,17; റോമർ 16:20; 1 തിമോ. 2:4; തീത്തോ. 2:11; എബ്രാ. 2:14; 1 പത്രോ. 3:9; 1 യോഹ. 3:8).

ഈ രക്ഷയെ അംഗീകരിക്കുകയോ നിഷേധിക്കുകയോ ചെയ്വാനുള്ള സ്വാതന്ത്ര്യവും മനുഷ്യനുണ്ട്.

## രക്ഷയുടെ ആവശ്യം

1. മനുഷ്യന്റെ ആത്മാവ് നിത്യമാണ്. മരണത്തോടെ അതിന് അവസാനം ഉണ്ടാകുന്നില്ല. മരണം എന്നു പറയുന്നത് ശരീരവും ആത്മാവും തമ്മിലുള്ള താൽക്കാലികമായ ഒരു വേർപിരിയൽ മാത്രമാണ്. അതുകൊണ്ടുതന്നെ അവയ്ക്ക് നാശം സംഭവിച്ച് ഇല്ലാതാകുന്നില്ല.

2. സകല മനുഷ്യരും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പാപികളാകുന്നു (റോമ. 5:12; 3:23). നാം ഭൂലോക പര്യടനം നടത്തി സകല രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലുമുള്ള ഏവരെയും സന്ദർശിച്ചു ഒരു അന്വേഷണം നടത്തിയാൽ പാപരഹിതനായ ഒരുവനെ കണ്ടെത്തുകയില്ല. നാം അധിവസിക്കുന്നതും പാപത്തിൽ മുഴുകിയിരിക്കുന്ന ഒരു ലോകത്തിലാണ്. പാപത്തിനു മനുഷ്യനിലുള്ള കർത്തൃത്വമെന്താണ്? പാപം അത്ര ഗൗരവതരമായി ചിന്തിക്കേണ്ട ഒന്നല്ല എന്നും, അറിവും സംസ്കാരവും കൊണ്ട് പരിഹരിക്കപ്പെടാവുന്നതു മാത്രമാണ് എന്നുമാണ് ചിലരുടെ അഭിമതം. എന്നാൽ അത് ആപൽക്കരമായ ഒരു ചിന്തയാണ് എന്ന് അനുഭവം സാക്ഷിക്കാതിരിക്കയില്ല. പാപം മനുഷ്യനെ കളങ്കപ്പെടുത്തുകയും, അധമനാക്കുകയും, ദൈവത്തിൽ നിന്നകറ്റുകയും ന്യായവിധിയിലേക്കു നയിക്കുകയുമാണ് ചെയ്യുന്നതെന്ന് പലരും ഗ്രഹിക്കുന്നില്ല. പാപത്താൽ മനുഷ്യൻ മൂർഛിക്കപ്പെടുന്നു. തുരുമ്പ് ഇരുമ്പിനെ എപ്രകാരം ദ്രവിപ്പിക്കുന്നുവോ അതുപോലെ മനുഷ്യനെ ശാരീരകമായും ആത്മീകമായും നശിപ്പിക്കുന്ന ഒന്നാണ് പാപം.




പാപത്തിനു ശിക്ഷയുണ്ട്. അത് മരണമാണ് (റോമ. 6:23). ദൈവം പാപിയെ ശിക്ഷിക്കാതെ വിടുകയില്ല. പാപി പാപത്തിന്റെ കാരണഭൂതനായ സാത്താന് അടിമയാകുന്നു. ദൈവം പാപത്തെ വെറുക്കുന്നു. എങ്കിലും പാപിയുടെ നിസ്സഹായവസ്ഥയിൽ ദൈവത്തിനു മനസ്സലിവുള്ളതിനാൽ പാപിക്കു പ്രത്യാശ ശേഷിപ്പിച്ചിരിക്കുന്നു.

പാപിയായ മനുഷ്യനു തന്നെത്തന്നെ രക്ഷിപ്പാൻ കഴികയില്ല. രക്ഷയ്ക്കായുള്ള അവന്റെ പരിശ്രമങ്ങൾ കുരുടൻ കുരുടനെ വഴി കാട്ടുമ്പോലെ അപകടത്തിലാണവസാനിക്കുക. ആകയാൽ പാപിയെ രക്ഷിപ്പാൻ പാപരഹിതനായ ഒരുവൻ ആവശ്യമാണ്. അവനു മാത്രമെ മനുഷ്യനെ രക്ഷിപ്പാൻ കഴികയുള്ളു. പാപരഹിതനായ ഒരുവനെ ദൈവം മനുഷ്യരുടെ രക്ഷയ്ക്കായി നിയമിച്ചിരിക്കുന്നു. ആ രക്ഷകനത്രെ യേശുക്രിസ്തു.

## രക്ഷ പ്രാപിക്കുന്നതെങ്ങനെ?

മുക്തിക്കുവേണ്ടി മനുഷ്യൻ കർമ്മം ചെയ്യേണം എന്നുള്ള കർമ്മസിദ്ധാന്തത്തെ യേശുക്രിസ്തു തന്റെ ശരീരത്തിൽ കഴിച്ച വിശുദ്ധ യാഗംകൊണ്ട് അവയവം പ്രതി സാധിച്ചിരിക്കുന്നു. ആ യജ്ഞം നിമിത്തം പാപക്ഷമ ലഭിക്കുന്നു. അതത്രെ ആത്മശാന്തി പ്രദമായ സുവിശേഷം. ഇതല്ലാതെ രക്ഷയ്ക്ക് ഇതര മാർഗ്ഗമില്ല.

രക്ഷ ദൈവത്തിന്റെ ദാനമാണ്. അതിനുവേണ്ടി നാം യാതൊന്നും കൊടുക്കേണ്ടതില്ല. കൊടുത്തു വാങ്ങാവുന്നതുമല്ല. ദാനധർമ്മങ്ങളാൽ അതു ലഭ്യമല്ല. പുണ്യസ്ഥല സന്ദർശനമോ, ബലികർമ്മങ്ങളോ രക്ഷയെ പ്രദാനം ചെയ്യുന്നില്ല. യാതൊരു പ്രവൃത്തികളും അതിനു നിദാനമായിരിക്കുന്നില്ല (എഫേ. 2:8). രക്ഷയ്ക്ക് യേശുവിലുള്ള വിശ്വാസം അനിവാര്യമാണ്. പാപികളെ രക്ഷിപ്പാൻ യേശു ലോകത്തിൽ വന്നു എന്നും പാപസംബന്ധമായി മരിച്ചു അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നുവെന്നുമുള്ള ഉറച്ച വിശ്വാസം ഉള്ളിൽ ഉണ്ടാകണം (റോമ. 4:24; കൊലൊ. 2:12; റോമ. 6:8; 1 തെസ്സ. 4:16). രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ തങ്ങൾ പാപികളാണെന്ന് ബോധ്യം വന്നിട്ട് യേശു രക്ഷിപ്പാൻ മതിയായവൻ എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ യേശുവിലുള്ള വിശ്വാസം എന്നു പറയുന്നത് യേശുക്രിസ്തുവിലുള്ള സമ്പൂർണ്ണ സമർപ്പണമാണ് (യോഹ. 3:16; അ.പ്ര.16:30). Believe in എന്നല്ല. Believe into എന്നാണ് ഗ്രീക്കുമൂലത്തിന്റെ വാച്യാർത്ഥം. ഇങ്ങനെ യേശുവിലുള്ള വിശ്വാസം മൂലം ദൈവത്തിങ്കലേക്കുള്ള മാനസാന്തരം ( Repentance towards God) ഉളവാകുന്നു.

## മാനസാന്തരം

ഇത് മാനവജാതിയോടുള്ള ദൈവകല്പനയാണ് (മത്താ. 3:2; അ.പ്ര.17:30). മാനസാന്തരത്തിൽ കൂടി വീണ്ടുംജനനത്തിലേക്ക് വരുന്നില്ലെങ്കിൽ രക്ഷപ്രാപിക്കാൻ കഴിയുകയില്ല (ലൂക്കോ. 13:3; അ.പ്ര.3:19).

മാനസാന്തരപ്പെട്ടാൽ പാപമോചനം പ്രാപിക്കാം എങ്ങനെ?

ഇതിനുപയോഗിച്ചിരിക്കുന്ന മൂലപദം "മെറ്റനോയിആ" (metanoia) എന്നാണ്. അതിന്റെ അർത്ഥം: ഉദ്ദേശത്തിന്, മനസ്സിന് വ്യത്യാസം ഉണ്ടാകുക. അതായത് വേറൊരു മനസ്സുണ്ടാകുക. ആഗ്രഹം, ഉദ്ദേശം ഇവ എല്ലാം മാറുക. മുമ്പോട്ടു നടക്കുന്നവൻ പിമ്പിലേക്കു തിരിഞ്ഞ് നടക്കുമ്പോൾ ഗതിക്കുണ്ടായ വ്യത്യാസംപോലെ ജീവിതത്തിനുണ്ടാകുന്ന വ്യത്യാസം (എബ്രാ. 12:17; റോമ. 11:29).

പാപിയാണെന്ന് സ്വയബോധം ഉണ്ടായിട്ട് അതിനെക്കുറിച്ചു പശ്ചാത്തപിച്ച് പാപത്തെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം (സങ്കീ. 51:3,4; 1:2; സദൃ. 28:13). പാപബോധം മാത്രം പോരാ, ഏറ്റുപറഞ്ഞാൽ പോരാ (കുമ്പസാരിച്ചാൽ പോരാ) ഉപേക്ഷിക്കണം.

മുടിയൻപുത്രൻ വീട്ടിലേക്കു യാത്ര തിരിച്ചതുപോലെ പഴയ ജീവിതത്തിൽ നിന്നും തിരിയണം. മൂലഭാഷയുടെ അർത്ഥം അതാണ്.

## വീണ്ടും ജനനം

ഹൃദയംകൊണ്ട് യേശുവിൽ വിശ്വസിച്ച്; പാപങ്ങൾ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെട്ട്, വായ്കൊണ്ട് യേശുവിനെ രക്ഷകനായി ഏറ്റുപറയുമ്പോൾ, പരിശുദ്ധാത്മാവിനാൽ ഉളവാകുന്ന നവ്യാനുഭവമാണ് വീണ്ടും ജനനം എന്നു പറയുന്നത്. പാപത്തിന് മരിച്ച് ക്രിസ്തുവിൽ ഒരു പുതുസൃഷ്ടിയായി ക്രിസ്തുവുമായി ഒന്നായിതീരുന്ന അനുഭവം. പാപമോചനം വഴി കൈവരുന്ന സ്വർഗ്ഗീയാനുഭവമത്രേ ഇത്.

ദൈവത്തിന്റെ ശക്തിയാലും അവന്റെ കൃപാകരമായ പ്രവൃത്തിയാലും പാപത്തിന്റെ ശക്തിയിലും അതിന്റെ സാന്നിദ്ധ്യത്തിലും, ശിക്ഷാവിധിയിൽ നിന്നും ഒരു പാപിയെ ക്രിസ്തു മുഖാന്തരം മോചിപ്പിക്കുന്നു. അതാണ് രക്ഷ. മാത്രമല്ല ഈ നാശലോകത്തിൽ നിന്നും സാത്താന്റെ ശക്തിയിലും അധികാരത്തിലും നിന്നും വിടുവിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ഒരു പാപി പൂർണ്ണമായ വീണ്ടും ജനനവും രൂപാന്തരം പ്രാപിക്കുന്നു. അങ്ങനെ ഒരു പുതു ജീവൻ, പുതുഹൃദയം, പുതിയ മനസ്സ്, പുതിയ ആത്മാവ്, പുതിയ പ്രകൃതി, പുതിയ സ്വഭാവം, പുതുഗീതം, പുതിയ ആരാധന ഇവ ഉള്ളവനായിത്തീരുന്നു. അതുകൊണ്ടത്രെ "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി" എന്നു പറയുന്നത്. ഇപ്രകാരം പുതുക്കപ്പെട്ടവനത്രെ യഥാർത്ഥ ക്രിസ്ത്യാനി (വിശ്വാസി). ഇതത്രെ രക്ഷയുടെ വൈശിഷ്ട്യം.

ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയിരിക്കുന്ന സൗജന്യമായ രക്ഷയെ സകല മനുഷ്യരും വ്യക്തിപരമായി സ്വായത്തമാക്കേണ്ടതു അത്യന്താപേക്ഷിതമാണ്. ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും... ഒരു പ്രയോജനവുമില്ല (മത്താ. 16:26). ലോകത്തിന്റെ സകല ധനത്തെക്കാളും സുഖാനുഭവങ്ങളെക്കാളും പുകഴ്ചയെക്കാളും ബഹുമാനത്തെക്കാളും വളരെ മടങ്ങ് വിലയുള്ളതാണ് മനുഷ്യന്റെ ആത്മാവ്. അതിനുള്ള നിത്യശാന്തിയെ സമ്പാദിപ്പാനുള്ള ഉത്തരവാദിത്വം വ്യക്തികൾക്കുള്ളതാണ്. ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും (എബ്രാ. 2:3).

മറ്റൊരുത്തിനും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട മറ്റൊരു നാമവും ഇല്ല (അ.പ്ര.4:12). ഇപ്പോൾ തന്നെ പാപങ്ങൾ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനോട് പ്രാർത്ഥിക്കുക (യെശ.55:7). യേശുവിനെ സ്വന്ത രക്ഷിതാവായി പാപം മോചിച്ചുതരുന്ന ദൈവമായി ഹൃദയത്തിലേക്ക് സ്വീകരിക്കുക (യോഹ. 1:12). അനുതാപത്തോടെ യേശുവിനെ കർത്താവെന്ന് വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടും (റോമ. 9:10,11; അ.പ്ര. 16:31).

This is The Word of God

# VEDABHIMANI

Annual Subscription Rs. 150/-

Visit us: www.vedabhimani.com RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st December 2014
Posted on 15th December 2014
Posted at R.M.S. Kayamkulam

# ആഭാസവേഷം അവകാശമോ?

മറച്ചുവയ്ക്കേണ്ട ശരീരഭാഗങ്ങൾ ഷേപ്പുചെയ്ത് മുഴപ്പിച്ചു കാണിക്കുന്നത് അഭിമാനവും അവകാശവുമാണെന്നാണല്ലോ സ്ത്രീ സംഘടനകളും, പെൺ പക്ഷവാദികളും പറയുന്നത്. ഇത് സംസ്ക്കാര ദാരിദ്ര്യത്തിന്റെ ലക്ഷണമാണെന്ന് പറയേണ്ടിയിരിക്കുന്നു. ലളിതമായി ഇതിനെ വ്യഭിചാരം എന്നുതന്നെ പറയാം. ശരീര പ്രദർശനത്തിലൂടെ പുരുഷനെ ആകർഷിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. അതുവഴി പുരുഷന്റെ ഉള്ളിൽ മോഹവും ദാഹവും ആസക്തിയും ഉടലെടുക്കുന്നു എന്ന സത്യം പലരും വിസ്മരിക്കുന്നു.



ഇപ്പോൾ പെൺകുട്ടികളും മധ്യവയസു കഴിഞ്ഞ പ്രൗഢകൾ പോലും ലവലേശം ലജ്ജയില്ലാതെ ധരിച്ചു നടക്കുന്ന 'ലെഗ്ഗിൻസ്' എന്ന ബനിയൻ മാതൃകയിലുള്ള ആവരണം അടിവസ്ത്രമായി ഉപയോഗിച്ചിരുന്നതാണ്. ജിംനാസ്റ്റിക്സ് താരങ്ങൾ കായിക പ്രകടന വേളയിലും ഇത്തരമൊരു ഡ്രസാണ് അണിയുന്നത്.

ഇപ്പോൾ ഉറഞ്ഞുതുള്ളുന്ന പെൺപക്ഷ വാദികൾ 1956-ലെ അസാന്മാർഗിക പ്രവർത്തനങ്ങൾ തടയൽ നിയമം ഒരുതവണ വായിച്ചു നോക്കണമെന്ന് അഭ്യർഥിക്കുന്നു. ഈ നിയമത്തിലെ വകുപ്പ് 8(എ) പ്രകാരം വ്യഭിചാര പ്രേരണ നൽകുന്ന വിധം വാക്കിലൂടെയോ ചേഷ്ടകളിലൂടെയോ മനഃപൂർവം ഗുപ്താവയവങ്ങൾ ഭാഗികമായി പ്രദർശിപ്പിച്ചോ അവയുടെ വടിവ് പ്രദർശിപ്പിച്ചോ മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നത് കുറ്റകരമാണ്. അഞ്ഞൂറു രൂപയോളമാകാവുന്ന പിഴയും ആറുമാസം തടവുശിക്ഷയും വ്യവസ്ഥ ചെയ്യുന്ന കുറ്റകൃത്യമാണിത്. വീണ്ടും ആവർത്തിച്ചാൽ തടവുകാലാവധി ഇരട്ടിയാകും. സ്ത്രീ സമൂഹത്തിന്റെ ഭാഗ്യം കൊണ്ട് നമ്മുടെ രാജ്യത്തൊരിടത്തും ആരും ഇതുവരെ ഇക്കാര്യത്തിൽ നിയമനടപടികളെടുത്തിട്ടുള്ളതായി ചരിത്രമില്ല.

ഇവിടത്തെ സ്ത്രീവാദികളും സംഘടനകളുമൊക്കെ ഇപ്പോൾ ഉപരിപ്ലവമായ വാദകോലാഹലങ്ങളിൽ വ്യാപരിക്കുന്നവരാണ്. സ്ത്രീകളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ നിന്ന് തന്ത്രപൂർവ്വം അവർ തെന്നിമാറി അരാജകത്വമാണ് സ്വാതന്ത്ര്യമെന്നു തെറ്റിദ്ധരിപ്പിക്കുകയാണ്. പുരുഷനെ എതിർക്കുക എന്ന തീരെ ആശാസ്യമല്ലാത്ത നയം സ്വീകരിക്കുമ്പോൾ തന്നെ ജീവിതശൈലിയിലും സ്വഭാവങ്ങളിലും വസ്ത്രധാരണത്തിൽ പോലും പുരുഷനെ അനുകരിക്കുന്ന ഇരട്ടത്താപ്പും കാപട്യവും വെച്ചുപുലർത്തുന്നു. സ്ത്രീ സ്ത്രീയായിരിക്കുക- അത് പുരുഷനിൽ നിന്ന് വളരെ വ്യത്യസ്തമായ സത്തയാണ് - പ്രകൃതിയിലെ പുരുഷൻ, സ്ത്രീ എന്നീ രണ്ടു ജാതികളിൽ സവിശേഷമായ മൗലികതയുള്ള സത്ത. സ്ത്രീ സ്ത്രീയായി നിലകൊള്ളുമ്പോഴെ അവൾക്ക് സ്ത്രീ സമൂഹത്തിന്റെ യഥാർഥ പ്രശ്നങ്ങളിൽ പ്രതികരിക്കാനാകൂ. വസ്ത്രത്തിന്റെ അളവ് കുറയ്ക്കുന്നതല്ല പുരോഗമനത്തിന്റെ മാനദണ്ഡം.



ഈ കാലത്തിന്റെ തുന്നാടിത്തുമ്പത്തിരുന്ന് നമുക്ക് ഒരു വസ്ത്രചിന്ത നടത്തിനോക്കാം. അപ്പോളറിയാനാകും, അത് കേവലമൊരു ബാഹ്യവസ്തുവിന്റെ ആഴം തൊടാത്ത വെറുമൊരു കലമ്പിപ്പോകലല്ല എന്ന്. വസ്ത്രം ഒരു ദാർശനിക ചിഹ്നവും രാഷ്ട്രീയബിംബവും സ്വത്വാഭിമാനങ്ങളോട് ബന്ധപ്പെട്ട പ്രതീകവുമാണ്. അതിന്റെ ഊടും പാവുമിറങ്ങിക്കിടക്കുന്നത് സംസ്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും അടിവേരുകളിലാണ്. പ്രകൃതിയുടെ, ഋതുഭേദങ്ങളുടെ, ദേശീയതയുടെ-എല്ലാം നിറച്ചാർത്തുകളിലാണ് ഒരാളുടെ വസ്ത്രം നെയ്തെടുക്കപ്പെടുന്നത്. അതേസമയം, അത് വൈയ്ക്തികതയുടെ പ്രഖ്യാപനവുമാണ്. ഒരാൾ തെരഞ്ഞെടുക്കുന്ന വസ്ത്രത്തിന്റെ ശൈലി, നിറം, ധാരണം തുടങ്ങിയവ അയാളുടെ വ്യക്തിത്വത്തേയും, അന്തസ്സിനേയും ആത്മവിശ്വാസത്തേയും അത്രമേൽ പ്രഖ്യാപിക്കുന്നുണ്ട്.

നമ്മുടെ പരിഷ്കാരങ്ങൾ പ്രത്യേകിച്ചും വസ്ത്രപരിഷ്കാരങ്ങൾ അന്ധമായ പാശ്ചാത്യാനുകരണങ്ങളും, വൈകൃതങ്ങളിലേക്കുള്ള കൂപ്പുകുത്തലുമാണെന്ന് പറയാതെ വയ്യ. വസ്ത്രം സംസ്കാരത്തേയും പൈതൃകത്തേയും സ്വത്വബോധത്തേയും പ്രതിഫലിപ്പിക്കുന്ന മൂല്യവത്തായ ബിംബമാണ്. ഈ മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ നാം മൃഗീയതയിലേക്ക് അധഃപതിക്കുന്നു.

പുതിയ സമൂഹം തെരഞ്ഞെടുക്കുന്ന പരിഷ്കൃതവസ്ത്രങ്ങൾ പുതിയ ജീവിതശൈലിയുടെ നിദർശനങ്ങളാണ്-പുതിയ മനുഷ്യൻ മറ്റെല്ലാ സ്വത്വഭാവങ്ങളും മറന്ന് ഒരു മൃഗീയഭാവമായി മാറുന്നതിന്റെ നിദർശനങ്ങൾ. നാണം മറയ്ക്കുക എന്ന അടിസ്ഥാന ലക്ഷ്യമല്ല പല വസ്ത്രശൈലികൾക്കുമുള്ളത്. അത്തരം വസ്ത്രങ്ങളിലമർന്നവർ മനുഷ്യന്റെ മൃഗീയവാസനകളെയാണുണർത്തുന്നത്!

ഇന്ന് സ്ത്രീത്വത്തിന്റെ ബോധവത്ക്കരണം അനിവാര്യമായിരിക്കുന്നു. സ്ത്രീ സംഘടനകൾ ആ ദൗത്യം ഏറ്റെടുക്കണം. സമൂഹത്തെ നന്മയിൽ പടുത്തുയർത്തുന്നതിന് സ്ത്രീക്ക് പുരുഷനേക്കാൾ സാധ്യതകളുണ്ട്. നല്ല കുടുംബമുണ്ടാകുമ്പോൾ, പ്രജകളെ രൂപപ്പെടുത്തുമ്പോൾ, അവരെ ലോകത്തിന് പ്രദാനം ചെയ്യുമ്പോൾ എല്ലാം.

ഈ വക സിദ്ധികളെ പുതിയ സമൂഹത്തിലെ സഹോദരിമാർ മറന്നു പോകുന്നതെന്താണ്? ശരീരത്തെ എച്ചിൽ സമാനമാക്കി പരസ്യപലകയിലെ വിൽപന ദ്രവ്യവും കമ്പോളാർത്തിയുടെ ആട്ടക്കളവും അളിഞ്ഞ സുഖതൃഷ്ണകളുടെ മാലിന്യക്കൂമ്പാരവുമൊക്കെയാക്കി അവർ പകർന്നാടുന്നു. ശരീരത്തെ വിഷമയമാക്കി ബ്ലാക്ക് മെയിലിങ്ങുമൊക്കെയായി മറ്റുള്ളവരിലേക്ക് സംക്രമിപ്പിക്കുന്നവർ, ആൺജീവികളെ പിടിച്ചെടുക്കാനുള്ള ചിലന്തി വലയാകുന്നവർ. അങ്ങനെ എത്ര എത്ര പതനകേളികൾ! പുരുഷൻ സ്ത്രീയെ പീഡിപ്പിക്കുന്നതിന് പ്രത്യക്ഷ മുഖമാണുള്ളത്. സ്ത്രീയുടെ ഇത്തരം പീഡനങ്ങൾ – സാഡിസം – പരോക്ഷമാണെന്നു മാത്രം. ഇവയിലൂടെ സ്ത്രീകൾ മഹനീയമായ മാനവസത്തയെ, സ്ത്രീസത്തയെ വെറും മാംസസ്വത്വമായി അധഃപതിപ്പിക്കുന്നു. വസ്ത്രധാരണത്തിന്റെ ശൈലി അതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി രക്തസാക്ഷികളായ സ്ത്രീകൾ ഇവിടുണ്ടായിരുന്നു എന്ന കാര്യം മറക്കരുത്.

ഓരോ നാടിനും അതിന്റെ തനതായ പൈതൃകത്തിൽ നിന്നും ആത്മീയ സംസ്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞ വസ്ത്രമുണ്ട്. മറ്റുള്ള വസ്ത്രങ്ങൾ അന്ധമായ അനുകരണവും കടംകൊള്ളലും പരാധീനതയും വിധേയത്വവും അഭിമാനനഷ്ടവുമാണ്.

## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ചില മതതീവ്രവാദികൾ യേശുവിനെ ആക്ഷേപിക്കുന്നത് പതിവാക്കിയിരിക്കുന്നു. എന്താണ് നിങ്ങൾ പ്രതികരിക്കാത്തത്.

*സാജൻ വർഗ്ഗീസ്, മേക്കൊഴൂർ, മൈലപ്ര, പത്തനംതിട്ട*

☹**നിലാവത്ത് ചന്ദ്രനെ നോക്കി നായ്ക്കൾ ഓലിയിടാറുണ്ട്. ആരെങ്കിലും പ്രതികരിക്കാറുണ്ടോ.**

☺ഒരു പ്രസംഗകൻ താൻ ബാങ്കുദ്യോഗം വേണ്ടെന്നുവച്ചെന്നും ബാങ്കുകാർ ഇപ്പോഴും തന്റെ സേവനം ആവശ്യപ്പെട്ട് പിന്നാലെയുണ്ടെന്നും പറയുന്നു. ശരിയോ.

*ഷാനി അഗസ്റ്റിൻ, ഒഴുവൻപാറ, കാരിക്കുളം, റാന്നി*

☹**കൊടുക്കാനുള്ള പണം കൊടുക്കാത്തതിന് ബാങ്കുകാർ മാത്രമല്ലാ ടെലഫോൺ, ഇലക്ട്രിസിറ്റിക്കാരും പിന്നാലെയുണ്ട്.**

☺കേരളം ദൈവത്തിന്റെ സ്വന്തം നാടെന്നു പറയുന്നവർ ദൈവം ആരെന്നറിയാത്തവരല്ലേ.

*ബാബുരാജ്, കുറ്റമല, അമ്പൂരി, വെള്ളറട*

☹**ആധാരവും ഉടമസ്ഥാവകാശവും ദൈത്തിന്റേത്. ചെകുത്താൻ കയ്യേറി എന്നു മാത്രം.**

☺ രക്ഷിക്കപ്പെട്ടതല്ല എന്നു പറഞ്ഞ് സ്വന്തം അപ്പനെ വീട്ടിൽ കയറ്റാത്ത വിശ്വാസിയായ മകനെക്കുറിച്ച് എന്തു പറയുന്നു.

*കുഞ്ഞുമോൻ, ഐരാണിക്കുടി, പന്തളം*

☹ **രക്ഷിക്കപ്പെടാത്ത വിശ്വാസിയെ സ്വർഗ്ഗീയ പിതാവും വീട്ടിൽ കയറ്റുമെന്ന് തോന്നുന്നില്ല.**

☺നാട്ടിൽ നിലവാരമില്ലാത്ത ബാറുകളും സ്ഥാപനങ്ങളും അടപ്പിക്കുന്നു. നമ്മുടെ ഇടയിലും എന്തെങ്കിലും അടപ്പിക്കേണ്ടതായിട്ടുണ്ടോ.

*സിബി കുര്യൻ, തലക്കോട്, കോതമംഗലം, എറണാകുളം.*

☹**നിലവാരമില്ലാത്ത 'വായ' കൾ അടച്ചു പൂട്ടിയിരുന്നെങ്കിൽ ആശ്വാസമായിരുന്നു.**

☺ ഈശ്വരസാന്നിധ്യമോ, ഈശ്വരസ്നേഹമോ അല്ല പലരേയും ഈശ്വര വിശ്വാസത്തിൽ നിലനിർത്തുന്നത്. പിന്നെയെന്ത്.

*വിജയൻ വെട്ടത്തോട്, ഓമല്ലൂർ, പുത്തൻപീടിക, പത്തനംതിട്ട*

☹**"കോടീശ്വര" സാന്നിധ്യം.**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally